# കൈരളി

| പുസ്തകം ൨൨. | ൧൧൨൨ മിഥുനം | ലക്കം ൩. |
|---|---|---|


## * കാളിദാസനും ഷെയിക്സ്പിയറും.

— ഡാക്ടർ ആർ. ജി. ഷഹാനി ഡി. ലിററ്.

സൌന്ദര്യമെന്നുവെച്ചാൽ, യൂറോപ്യനെ സംബന്ധിച്ചേടത്തോളം, വളരെ പ്രത്യേകവും വ്യക്തവുമായ ഒരു വസ്തുവാണ്. ആ വർഗ്ഗത്തിന്റെ എല്ലാ ആദർശങ്ങളുടേയും ഒരു സംഘടിതരൂപമാണ് അതിന്റേതു്. 'അവരുടെ' വിചാരങ്ങൾ, 'അവരുടെ' ഹൃദയം, 'അവരുടെ' രക്തം— എല്ലാം ഒരുപിടി മണ്ണിൽ അടക്കിയതാണതു്. അതു ഗ്രീസ്സാണ്; അതു റോം ആണ്; അതു ഫ്രാൻസാണ്; അതു് ഇംഗ്ലണ്ടാണ്. സൌന്ദര്യത്തെപ്പററി സുനിശ്ചിതമായ ഒരു ബോധമുണ്ടവക്ക്. എന്നാൽ നമ്മിൽ ചിലക്കാവട്ടെ, അതിനെപ്പററി വളരെ സംശയങ്ങളാണുള്ളതു്. മനുഷ്യവർഗ്ഗത്തിലുള്ള വ്യത്യാസങ്ങളനുസരിച്ച സൌന്ദര്യവും വ്യത്യസ്തമാണെന്നാണ നമ്മുടെ ധാരണ. സൌന്ദര്യത്തിനു വ്യക്തവും സുനിശ്ചിതവുമായ ഒരു രൂപം നാം കല്പിക്കുന്നില്ല. ഒരു ആംഗ്ലേയവനിതയിലെന്നപോലെ ഒരു എത്തിയോപ്യൻ പെൺകിടാവിലും നാം സൌന്ദര്യം ദശിക്കുന്നു. എന്നാൽ ഒരുവൾ മററവളേക്കാൾ സുന്ദരിയെന്നു പറയുന്നതു വെറും ബിംബാരാധനയത്രെ.

പരമാത്ഥം ഇതാണ്: മനുഷ്യൻ എല്ലായിടത്തും ഒരുപോലെയല്ല. മിക്ക മനുഷ്യക്കും ഇതിനെപ്പററി ബോധമില്ലാത്തതുകൊണ്ടു് ഈ വാസ്തവം പലപ്പോഴും നിഷേധിക്കപ്പെടുന്നു. ഓരോ പ്രത്യേക സാമുദായികസംഘടനക്കും പ്രത്യേകമായ ഒരു അത്ഥവും, പ്രത്യേകമായ ഒരു അന്ത

---

* പരിഭാഷകൻ യു. എസ്സ്.

രിക്ഷവുമുണ്ട്. ഏതൊരു ചിന്തയുടേയും പിന്നിൽ അതിനു സ്വന്തമായ ഒരു ചരിത്രമുണ്ടെന്നത്ഥം. മനുഷ്യന്റെ ഏതൊരു കൃതിയേയും അവന്റെ പരിസരങ്ങഠം നിറം പിടിപ്പിച്ചിട്ടുണ്ട്. എത്ര ഭാവനാസമ്പന്നനായ വ്യക്തിയെ സംബന്ധിച്ചേടത്തോളവും, ഇതുതന്നെയാണു കഥ.

ഷെയിക്സ്പിയറിൽക്കൂടി എലിസബത്തിന്റെ കാലം സംസാരിക്കുന്നു; കാളിദാസനിൽക്കൂടി വിക്രമാദിത്യന്റെ കാലവും. ഈ രണ്ടുപേരെയും താരതമ്യപ്പെടുത്തുന്നത്, ഒരുവിധത്തിൽ നോക്കുമ്പോഠം, ഇംഗ്ലണ്ടിന്റെ ആത്മീയസംരംഭങ്ങളെ ഇന്ത്യയുടേതുമായി താരതമ്യപ്പെടുത്തുകയാണ്.

ഇത്തരം പരിമിതമായ ഒരു പ്രബന്ധത്തിൽ അതു സാദ്ധ്യമല്ല. രണ്ടു കവികളും തമ്മിലുള്ള ചില പൊരുത്തങ്ങളും ചില വ്യത്യാസങ്ങളും സൂചിപ്പിക്കാമെന്നു മാത്രമേ ഇവിടെ വിചാരിച്ചിട്ടുള്ളു. കാളിദാസനും ഷെയിക്സ്പിയരും പല കാൎയ്യങ്ങളിലും അകന്നവരാണെങ്കിലും ഒന്നിലധികം കാര്യങ്ങളിൽ പരസ്പരമ്പ്രേച്ച്യുള്ളവരായി കാണപ്പെടുന്നു.

വ്യത്യാസങ്ങളെപ്പററി ആദ്യം ചിന്തിക്കാം. വളരെ സ്പഷ്ടങ്ങളാണവ.

സ്വതന്ത്രങ്ങളായ ആത്മീയചിന്തകളോടൊപ്പം കൂട്ടായ്മക്കവെച്ചയും കൊലപാതകവും പാതിവ്രത്യഭംഗവും അനിയന്ത്രിതമായി നടനം ചെയ്തിരുന്ന അദ്ധപരിഷ്കൃതമായ ഒരു കാലഘട്ടത്തിലാണു ഷെയിക്സ്പിയർ ജീവിച്ചിരുന്നത്. ഈ ലേഖകനോട് റോമെൻ റോളണ്ടു പറഞ്ഞതുപോലെ, "അതിശയനീയമായ ആ എലിസബത്തൻ മൃഗശാലയിലെ ഏററവും അത്ഭുതകരമായ ജന്തുവാണ്" ഷെയിക്സ്പിയർ. അതെ, അക്കാലത്തെ ഇംഗ്ലണ്ടിനെ വൎണ്ണിക്കുവാനുള്ള ഏററവും പററിയ വാക്കു മൃഗശാലയെന്നതുതന്നെയാണ്. പ്രത്യുത കാളിദാസനാവട്ടെ, അത്യുൽകൃഷ്ടമായ ഒരു സംസ്കാരം അതിന്റെ പാരമ്യദശയെ പ്രാപിച്ച കാലത്തു, വിചാരങ്ങളും വികാരങ്ങളും പരിപൂൎണ്ണപകപങ്ങളും സുന്ദരങ്ങളുമായിരുന്ന ഒരു കാലത്ത് ആണു ജീവിച്ചിരുന്നത്. ഷെയിക്സ്പിയറിന്റെ നാടകങ്ങളിലെ ചോരപ്പുഴകളെ, ഇടിമുഴക്കങ്ങളെ—വെറും ഒച്ചപ്പാടുകളെ— കാളിദാസന്റെ നാടകങ്ങളിൽ കാണുന്ന ആ പ്രശാന്തതയോടും സൌന്ദൎയ്യത്തോടും ഒന്ന് ഉപമിച്ചു നോക്കുക. ഇതിനു കാരണം ഒരാഠം അദ്ധപരിഷ്കൃതവും ഏതാണ്ടു മൃഗീയവുമായ ഒരു ജനസഞ്ചയത്തെ തൃപ്തിപ്പെടുത്തുവാൻവേണ്ടി എഴുതിയപ്പോഠം, മററെയാളുടെ സദസ്യർ അഭിജ്ഞരായ സഹൃദയരായിരുന്നുവെന്നുള്ളതാണ്. എത്ര ലളിതമായ

വികാരവും പ്രതിപാദിക്കുവാൻപററിയ പരിപക്വവും മധുരവുമായ ഒരു ഭാഷയെക്കൊണ്ടാണ് — അത്യുൽകൃഷ്ടമായ ഒരു വീണയിന്മേൽ വിദഗ്ദ്ധനായ ഒരു ഗായകനെന്നപോലെ—ഭാരതീയകവി വിഹരിച്ചതു്. ആംഗ്ലേയകവിയാകട്ടെ, അവിടവിടെ പരുപരുപ്പനും, അവിടവിടെ അപൂൎവ്വമിനുസവുമുള്ള ഒരപൂൎണ്ണവളൎച്ചയെത്തിയ ഭാഷയെ അടിച്ചുപരത്തിയാണു തൻെറ വീണക്കമ്പികൾ നിൎമ്മിച്ചതു്. ഷെയിക്സ്പീയറിൻെറ നാടകങ്ങളിൽ സുലഭമായ കൂട്ടക്കൊലകൾ, യാതൊരു ഉൽകൃഷ്ടകവിയും ഒരിക്കലും സ്വീകരിക്കുവാൻ വയ്യാത്ത കിരാതീയങ്ങളായ ഇതിവൃത്തങ്ങളായിട്ടേ കാളിദാസനും അദ്ദേഹത്തിൻെറ യുഗവും പരിഗണിക്കുമായിരുന്നുള്ളു. എന്നതുപോലെ, ഒരു പക്ഷെ, കാളിദാസൻെറ അമാനുഷികരായ കഥാപാത്രങ്ങളെ (ഇന്ദ്രനേയും മററും) ഒരുകൂട്ടം വിഡ്ഢിവേഷങ്ങളായിട്ടുമാത്രമെ ഷെയിക്സ്പീയറിനും തോന്നുമായിരുന്നുള്ളു.

കുറെക്കൂടി ഗഹനങ്ങളായ വ്യത്യാസങ്ങൾ പലതുമുണ്ടു്. പക്ഷെ അവയെയൊക്കെപ്പററി പ്രതിപാദിക്കുവാൻ ഇവിടെ ഇടമില്ല. ഇത്രയും ചുരുക്കിപ്പറയാം. ഷെയിക്ക്സ്പീയർ ഈശ്വരനിലാവട്ടെ, ആത്മാവിൻെറ അമരത്വത്തിലാവട്ടെ, പുനൎജ്ജന്മത്തിലാവട്ടെ തീരെ വിശ്വസിച്ചിരുന്നില്ല. ഈ ജീവിതം മാത്രമേ അദ്ദേഹത്തിനു വാസ്തവമായി തോന്നിയിരുന്നുള്ളു. മററുള്ളതൊക്കെ പൊക മാത്രമെന്നു് അദ്ദേഹം ഗണിച്ചു—വാസ്തവത്തിൻെറ പ്രഭയെ മറയ്ക്കുന്ന വെറും പൊക. (ഷെയിക്സ്പീയർ നിഷ്ഠ്വിനേക്കാൾ അക്രൈസ്തവനായിരുന്നുവെന്നു കൂട്ടത്തിൽ പറയട്ടെ.) സത്യത്തിൻെറ ഒരു മങ്ങിയ പ്രഭയെ അദ്ദേഹം ചിലപ്പോൾ വീക്ഷിച്ചിട്ടുണ്ടെന്നല്ലാതെ, അതിൻെറ വ്യക്തവും നിരന്തരവുമായ ഒരു കാഴ്ച അദ്ദേഹത്തിനു് ഒരിക്കലും ഉണ്ടായിട്ടില്ല. ഇതിലൊക്കെ അദ്ദേഹം കാളിദാസനിൽനിന്നും തീരെ വ്യത്യസ്തനായിരുന്നു. ഒരുപക്ഷെ ആംഗ്ലേയകവി ഭാരതീയകവിയെക്കാൾ കുറച്ചുകൂടി ബുദ്ധിശാലിയായിരുന്നിരിക്കാം. എന്നാൽ അദ്ദേഹത്തിൻെറ ചിന്തകൾക്കൊന്നും ഭാരതീയൻെറ പകുതിയെങ്കിലും ഗഹനതയില്ല. മനുഷ്യനു ഷെയിക്സ്പീയർ വലിയൊരു വില കല്പിച്ചിരുന്നു. കാളിദാസനെപ്പോലെ, സൃഷ്ടിജാലങ്ങളിൽ മുഴുവൻ ഒരു ഐക്യം ദൎശിക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. (ശാകുന്തളത്തിലെ 4-ാം അങ്കം ഇവിടെ സ്മരണീയമാണു്.)

ഇനി അവർ തമ്മിലുള്ള സാദൃശ്യങ്ങളെപ്പററി. പ്രേമത്തോടും സ്ത്രീയോടും രണ്ടു മഹാകവികളുടേയും മനോഭാവം ഏതാണ്ടു ഒന്നുതന്നെയാണു്.

കാളിദാസന്റെ ലോകോത്തരമായ കലയുടെ അടിസ്ഥാനം തന്നെ സ്ത്രീയാണു്. തന്റെ ചായപ്പെട്ടിയിലെ എല്ലാത്തരം ചായങ്ങളേയും അവളെ വിലോഭനീയയാക്കുന്നതിൽ അദ്ദേഹം വിനിയോഗിച്ചു. അത്രത്തോളംതന്നെയില്ലെങ്കിലും ഷെയിക്സ്പിയറിന്റേയും കഥ ഇതു തന്നെയാണു്. രണ്ടുതരത്തിലുള്ള സ്ത്രീകളാലും രണ്ടു മഹാകവികളും ആകൎഷിക്കപ്പെട്ടിരുന്നു. 'മാനോടൊത്തു വളൎന്ന'തരത്തിലുള്ള 'പാവ'പ്പെട്ട സ്ത്രീ, പുരുഷനെക്കൊണ്ടു പാവകളിപ്പിക്കുന്ന സ്ത്രീ—രണ്ടു തരത്തിലുള്ള സ്ത്രീകളാലും, വ്യത്യസ്തരീതികളിലെങ്കിലും, ഇരുവരും ആകൎഷിക്കപ്പെട്ടു. ഒരാൾ മാളവികയേയും ശകുന്തളയേയും സൃഷ്ടിച്ചപ്പോൾ മറെറയാൾ ക്ലിയോപാട്രിയേയും മിറാണ്ടയേയും സൃഷ്ടിച്ചു. ലോകജീവിതത്തിൽ സൌഖ്യം വേണമെങ്കിൽ ചില ചില വ്യാമോഹങ്ങളൊക്കെ അത്യാവശ്യങ്ങളാണെന്നു് ഇരുകൂട്ടരും അറിഞ്ഞിരുന്നു. ശകുന്തളയും മിറാണ്ടയും പ്രതിബന്ധങ്ങളെയൊക്കെ അതിലംഘിച്ചു വിജയസോപാനത്തു് എത്തുന്നുവെങ്കിൽ അതു് അവർ അത്ര പ്രതിഭാശാലികളോ പ്രത്യുൽപ്പന്നമതികളോ ആയതുകൊണ്ടല്ല. പിന്നെയോ? പരിപൂൎണ്ണമായി, യാതൊരു ചോദ്യവുംകൂടാതെ, അഭേദ്യമാംവണ്ണം, കീഴടങ്ങുക—അതിനുള്ള ആ ശക്തി അവൎക്കു് ഉള്ളതുകൊണ്ടത്രെ. അവരുടെ പ്രേമം ഒരുതരം ആത്മസമൎപ്പണമായിരുന്നു. നിസ്വാൎത്ഥവും സ്ഥായിയുമായ പ്രേമം അവസാനം വിജയചുംബിതമാവുമെന്നു രണ്ടു കവികളും സമൎത്ഥിക്കുന്നു. അവരുടെ അഭിപ്രായത്തിൽ, പരമാൎത്ഥമായ പ്രേമം ഒരിക്കൽ ഉറവെടുത്താൽ, പിന്നെയതു സ്ഥലത്തേയും സമയത്തേയും അതിക്രമിച്ചു ജീവിക്കുന്നു. സ്വൎഗ്ഗീയമായ ആ ദിവ്യവസ്തുവിനു പുഴക്കുത്തോ തുരുമ്പു പിടിക്കലോ ഉണ്ടാകുന്നില്ല. ചുരുക്കത്തിൽ, പ്രേമത്തെപ്പററി രണ്ടു മഹാകവികൾക്കും ഒരേ അഭിപ്രായമാണുള്ളതു്.

ജൂലിയററിന്റെയെന്നപോലെ ഉൎവ്വശിയുടേയും ജെസിക്കയുടെയെന്നപോലെ മാളവികയുടേയും യുവഹൃദയങ്ങളെ ചുട്ടുപഴുപ്പിക്കുന്ന ആ വികാരത്തെ രണ്ടു മഹാകവികളും വൎണ്ണിച്ചുകാണുമ്പോഴത്തെ ആ മാധുരിയും ആ നവസുഷമയും കേവലം അനുപമമത്രെ. കതിരു പഴുക്കുന്നതുപോലെ, മൊട്ടു വിടരുന്നതുപോലെ, മദ്ധ്യാഹ്നസൂൎയ്യൻ പ്രകാശിക്കുന്നതുപോലെ അത്ര സ്വാഭാവികമായി, അത്ര അപരിഹാൎയ്യമാംവണ്ണം, ആ അനശ്വരമൂൎത്തികൾ സ്നേഹിക്കുന്നു. യൌവനത്തിന്റെ എല്ലാത്തരം വ്യാമോഹങ്ങളോടും ആകൎഷണങ്ങളോടുംകൂടി അവർ സ്നേഹിക്കുന്നു. ചിന്താരഹിതരായി, പൂമ്പാററകളെപ്പോലെ ക്ലേശരഹിതരായി, അവർ

വിഹരിക്കുന്നതു നാം കാണുന്നു; പിന്നീട വികാരപരവശരായ പ്രേമികളായും നാം അവരെ കാണുന്നു. എല്ലാ വസ്തുക്കളും അതാതു കാലത്തു പക്വങ്ങളാകുകതന്നെ ചെയ്യും.

ഈ പ്രേമാത്മാക്കളുടെ വികാരങ്ങളെ രണ്ടു മഹാകവികളും അന്യാദൃശമായ കലാചാതുരിയോടുകൂടി വർണ്ണിച്ചിട്ടുള്ളതും ഒരുപോലെയാണ്. ഇഷ്ടജനത്തിൻെറ മുമ്പിൽ ആനന്ദത്തോടുകൂടിയുള്ള ആ അടിമപ്പെടൽ, എന്തും ത്യജിക്കുവാനും എന്തും സഹിക്കുവാനുമുള്ള ആ സന്നദ്ധത—എല്ലാം ഒരുപോലെയാണ്. എന്നാൽ എല്ലാ ചിത്രത്തിനുമുണ്ട് ഒരു മറുപുറം. സ്ത്രീഹൃദയത്തിൻെറ ആഴം അളന്നറിഞ്ഞ ആ മഹാകവികൾ അതിനെ അത്രമാത്രം കുത്സിതമാക്കിത്തീർക്കുന്ന കൌടില്യത്തേയും അസൂയയേയും തുല്യവൈദഗ്ദ്ധ്യത്തോടുകൂടിത്തന്നെ ചിത്രീകരിച്ചിട്ടുണ്ട്.

പക്ഷെ, സ്ത്രീഹൃദയത്തിൻെറ ലാളിത്യത്തേയും ഗഹനതയേയും മനസ്സിലാക്കുന്നതിൽ ഹൈന്ദവകവി ആംഗ്ലേയകവിയെ അതിശയിക്കുന്നുവെന്നുതന്നെവേണം പറവാൻ. ഒരു നെടുവീർപ്പോ, ഒരു പുഞ്ചിരിയോ, ഒരു കവിൾത്തുടുപ്പോ മതി—സ്ത്രീഹൃദയത്തിൻെറ അടിത്തട്ടുവരെ കാളിദാസൻ അതുകൊണ്ടു അളന്നുകൊള്ളും. ഷെയിക്സ്പിയറിൻെറ ശാന്തിരഹിതമായ പ്രതിഭ ഈ മൃദുലവികാരങ്ങളെ അത്രത്തോളംതന്നെ താലോലിക്കുവാൻ സമർത്ഥമായിരുന്നില്ല. എങ്കിലും, പൊതുവിൽ, ഇരുകൂട്ടരും സ്ത്രീസമ്പ്രദായങ്ങളെ സംബന്ധിച്ചേടത്തോളം വളരെ സൂക്ഷ്മദൃഷ്ടികളായിരുന്നു. കാളിദാസൻെറ നായികമാർ കുറെക്കൂടി അവഗാഢമായ ചിന്തയുടേയും കുറെക്കൂടി വിദഗ്ദ്ധമായ ആവിഷ്കാരണത്തിൻെറയും പരിണതഫലങ്ങളാണെന്നു മാത്രം. ഷെയിക്സ്പിയറിൻെറ പുരുഷപാത്രങ്ങൾ അദ്ദേഹത്തിൻെറ നായികമാരെക്കാൾ കുറെക്കൂടി വിദഗ്ദ്ധങ്ങളായ കലാസൃഷ്ടികളാകുന്നു. ഇന്ത്യൻ കവിയുടെ പുരുഷപാത്രങ്ങളെക്കാൾ അവ എത്രയോ മേലെയാണെന്നുള്ളതു് അവിതർക്കിതമാണ്. സ്ത്രീകളെ, ഒരു പുരുഷൻ അവരെ കാണുന്നതുപോലെ മാത്രമേ ഷെയിക്സ്പിയർ കണ്ടുള്ളു. തങ്ങൾ തന്നെത്താൻ കാണുന്നതുപോലെയോ, മററൊരു സ്ത്രീയാൽ കാണപ്പെടുന്നതുപോലെയോ, അവരെ അദ്ദേഹം കണ്ടില്ല.

സ്ത്രീയേയും പ്രേമത്തേയും പററിയുള്ള അവരുടെ മനോഭാവങ്ങളിൽ കാണുന്ന ഈ ഐകരൂപ്യത്തെക്കാൾ അത്ഭുതകരമായതു് അവരുടെ പല കഥാഗാത്രങ്ങളുടേയും പുരോഗതിയിലും ഈ ഐകരൂപ്യം കാണുന്നുവെന്നുള്ളതാണ്. (വളരെ രസകരമായ ഈ വിഷയത്തെക്കുറിച്ചു കൂടുതൽ ചർച്ചചെയ്യാൻ പററിയ അവസരമല്ല ഇതു്.) തുറന്ന

അന്തരിക്ഷം, ഇന്ദ്രജാലം, നിലാവെളിച്ചം, യക്ഷികൾ—ഇവയൊക്കെ ഇരുകവികൾക്കും പൊതുവിലുള്ള കരുക്കളാണ്. സർവ്വോപരി, മധുരമായ സംഗീതവും, മധുവോലുന്ന പുഷ്പങ്ങളും.

ചില ഇംഗ്ലീഷ് വിമർശകന്മാർ ഷെയിക്സ്പീയറെപ്പറ്റി വർണ്ണിക്കുമ്പോൾ വളരെ അതിശയോക്തി ഉപയോഗിച്ചുകാണാറുണ്ട്. ആ മഹാകവി യാതൊരു തെററും പററാത്തവനും, എല്ലാംകൊണ്ടും മററു കവികളെയൊക്കെ അതിശയിക്കുന്നവനാണെന്നും മററും പറയുന്നതു വെറും വിഡ്ഢിത്തമാണ്. കവിയോടുള്ള ബഹുമാനത്തെ സൂചിപ്പിക്കുവാനായി അദ്ദേഹത്തെ ഒരുതരം മക്കയും മെഡീനയും ആക്കിത്തീർക്കുവാൻ കാട്ടുന്ന ഈ ഉത്സാഹം രാഷ്ട്രീയമായ ഒരുതരം ഗോഷ്ടിയായിട്ടു മാത്രമെ പരിഗണിക്കപ്പെടേണ്ടതുള്ളു. ഭാഗ്യവശാൽ, കുറെക്കൂടി വിശാലഹൃദയരായ ചിന്തകന്മാർ അത്ര വിരളമല്ല. എന്റെ ആത്മസുഹൃത്തും ഈയിടെ ദിവംഗതനുമായ മി. തോമസ് വിത്താക്കറെക്കാൾ ഷെയിക്സ്പിയറിനെപ്പററി അറിയുന്നവർ വളരെയാളുകൾ ഉണ്ടായിട്ടില്ല. യൂറോപ്യൻ സാഹിത്യത്തിലെ സർവ്വോൽകൃഷ്ടമായ സൃഷ്ടി എഷ്ചില്ലസ്സിന്റെ "പ്രമത്തെസ് അൺബൌണ്ട്" ആണെന്നാണ് അദ്ദേഹം ഗണിച്ചിരുന്നതു്. സ്വിൻബേൺ ഈ അഭിപ്രായക്കാരൻ തന്നെയായിരുന്നതായി കാണുന്നു. ഷെയിക്സ്പിയറിന്റെ ദുരന്തനാടകങ്ങളിലെ അട്ടഹാസങ്ങളൊക്കെ തനിക്കു പണ്ടത്തെയത്ര ആകർഷണീയങ്ങളായി തോന്നുന്നില്ലെന്നു ഹാവലക് എല്ലിസ്സ് ഈയിടെ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ വിനോദനാടകങ്ങളിലാവട്ടെ അനശ്വരങ്ങളായിട്ടു തനിക്കു തോന്നിയിട്ടുള്ളവ വളരെ കുറച്ചു മാത്രമാണെന്നാണു പ്രൊഫസർ എമിലി ലിഗോയി പറയുന്നതു്. ലോകോത്തരനായ മനുഷ്യന്റെ കൃതികളിൽകൂടി അനശ്വരമായവ വളരെ കുറച്ചു മാത്രമേ ഉള്ളു. മററു പല മഹാപുരുഷന്മാരെപ്പോലെയും, ശാശ്വതമായ കുറെ സത്യവും സൌന്ദര്യവും ഷെയിക്സ്പിയറിലും ഉണ്ടു്. എന്നല്ലാതെ അദ്ദേഹം എഴുതിയതു മുഴുവൻ ദിവ്യവും നിത്യസുന്ദരവുമാണെന്നു പറയുന്നതു തീരെ അർത്ഥശൂന്യമായ ഒരു പ്രലപനമാണ്.

എന്റെ സ്വന്തം അഭിപ്രായം പറയുകയാണെങ്കിൽ, ഷെയിക്സ്പിയറിന്റെ ഒരു അര ഡസനോളം നാടകങ്ങളേയും അല്പം ചില ഗീതകങ്ങളേയും മാത്രമെ ഞാൻ ഇഷ്ടപ്പെടുന്നുള്ളു. "വെനിസ്സിലെ കച്ചവടക്കാരൻ" തുടങ്ങിയ ചില നാടകങ്ങളിൽ അവിടവിടെ കാണുന്ന ചില വരികളെ ഒഴിച്ചു മററുള്ളവയൊക്കെ വായിക്കുവാനുള്ള ക്ഷമ എനിക്കു്.

ഉണ്ടാവാറില്ല—ഒരു പക്ഷെ, അതു് എൻെറ കുററമായിരിക്കാം. വെറും പുറംപൂച്ചുമാത്രം എന്നെ ആകർഷിക്കുന്നില്ല. ഷെയിക്സ്പിയറിൻെറ കൃതികളുടെ ആധിക്യത്തിലാണു് അദ്ദേഹത്തിൻെറ കലാകാരത്വത്തിൻെറ ഔൽക്കൃഷ്ട്യം സ്ഥിതിചെയ്യുന്നതു്. പക്ഷെ, അതുതന്നെയാണു് അദ്ദേഹത്തിൻെറ കഥയുടെ ഔൽക്കൃഷ്ട്യത്തിനു പരിധി കല്പിച്ചതും. ഷെയിക്സ്പിയറിൻെറ ഒരു നാടകം മുഴുവൻ വായിച്ചു കഴിഞ്ഞാൽ കാണാൻ കഴിയാത്ത മനുഷ്യത്വം ഡിക്കൻസിൻെറ ഒരൊററ പേജിൽ കാണാൻ കഴിയുന്നുവെന്നു് എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ടു്. വളരെ അസാധാരണമായ ഒരു പ്രസ്താവനയായി തോന്നുമായിരിക്കും. പക്ഷെ തെല്ലും അവാസ്തവമല്ല.

കാളിദാസനും ഉണ്ടായിട്ടുണ്ടു് ചില പരാജയങ്ങൾ. രഘുവംശത്തിൽ അവിടവിടെ പ്രഭാതവേളയിലെ ഹിമകണംപോലെയുള്ള ചില നയനാഭിരാമത തൊട്ടുതളിച്ചിട്ടുണ്ടെങ്കിലും അതിൽ അങ്ങോളമിങ്ങോളം ഒരു രാജസേവകൻെറ സ്തുതിപാഠകത്വം നിഴലിച്ചു കാണുന്നു. (കാളിദാസനും കിപ്ലിങ്ങിനുമായി പലിടത്തും സാദൃശ്യം കാണുന്നുണ്ടു്. പക്ഷെ, അതിനെപ്പററി പ്രതിപാദിക്കുവാനുള്ള സ്ഥലം ഇതല്ലല്ലോ.) ഋതുസംഹാരം ഇന്ത്യയിലെ കാലാവസ്ഥകളുടെ വിശദമായും ഒരുവിധത്തിൽ രസകരവുമായ ഒരു വർണ്ണനയാണു്; എങ്കിലും അതും അത്ര ഉൽക്കൃഷ്ടമായ ഒരു കവിതയല്ല. മേഘസന്ദേശം അന്യാദൃശമാധുരിയോടുകൂടിയ ഒരു ഉൽക്കൃഷ്ട കവിതയാണു് — വസന്തത്തിലെ കാട്ടിലെ പൂവുപോലെ സുരഭിലവും മാന്തോപ്പിലെ രാക്കുയിലിനെപ്പോലെ ലളിതവും, പ്രേമംപോലെ വികാരഭരിതവുമായ ഒരു കവിത! മാളവികാഗ്നിമിത്രത്തിനു ചരിത്രപരമായി ഒരു പ്രാധാന്യമുണ്ടെന്നല്ലാതെ, ഒരു മഹാകവിയുടെ കൃതിയെന്ന നിലക്കുള്ള ഔൽക്കൃഷ്ട്യമൊന്നും അതിനില്ല. വിപിനാന്തരാളത്തിൽനിന്നും ശശകിശോരമെന്നപോലെ, ഗഹനമായ നിശ്ശബ്ദതയിൽനിന്നും ചില കൃതികൾ ചിലപ്പോൾ കുതിച്ചുചാടി വന്നു സ്വപ്നത്തിൻെറ മഞ്ജുളനികുഞ്ജത്തിൽ വന്നു ലയിക്കുന്നു. അത്തരം നിത്യയൌവനങ്ങളായ രണ്ടു കൃതികളാണു ശാകുന്തളവും വിക്രമോർവ്വശീയവും—ഒരേസമയത്തുതന്നെ ലാളിത്യവും ദാർഢ്യവും വഹിച്ചുകൊണ്ടു ഭൂമിയേയും സ്വർഗ്ഗത്തേയും കൂട്ടിയിണക്കുന്ന മനോഹരങ്ങളായ രണ്ടു കൃതികൾ. ലോകസാഹിത്യത്തിൽ ഇത്തരം കൃതികൾ വേറെയുണ്ടായിട്ടില്ല. അവ അനുപമസുന്ദരങ്ങളത്രെ.

ഷെയിക്സ്പിയർ കാളിദാസനേക്കാൾ കൂടുതൽ ഇന്നറിയപ്പെടുന്നു. ഗുസ്തിക്കാരനായ ജാക്ക് ഡെംപ്സി ശ്രീരാമകൃഷ്ണപരമഹംസരെക്കാൾ കൂടുതൽ ഇന്ത്യയിൽക്കൂടി ഇന്നു അറിയപ്പെടുന്നുവല്ലോ! എന്നതുകൊണ്ടു ശക്തി—അതിൻെറ പ്രകടനം ഏതു രൂപത്തിലായാലും വേണ്ടില്ല—ആത്മീയസൌന്ദര്യത്തേക്കാൾ കൂടുതൽ എളുപ്പത്തിൽ അറിയപ്പെടുന്നുവെന്നു മാത്രമെ അർത്ഥമുള്ളൂ. പാശ്ചാത്യദേശത്തിൻെറ ബഹളമയമായ ഒരു തള്ളിക്കയററത്തെയാണു ഷെയിക്സ്പിയർ പ്രതിനിധീകരിക്കുന്നതു്; കാളിദാസനാവട്ടെ ഭാരതത്തിൻെറ പ്രശാന്തമായ ആ ആത്മീയതയെ, ഒരാൾ വിശ്രമരഹിതനായ, വ്രണിതഹൃദയനായ, ഒരു ഭയങ്കരസത്വത്തെപ്പോലെ ത്വരിതപ്രയാണം ചെയ്തു; മററയാൾ ഒരു ദേവനെപ്പോലെ പ്രശാന്തഗംഭീരനായി നടന്നുപോയി.

ആരാണു കൂടുതൽ മഹാൻ—കാളിദാസനൊ ഷെയിക്സ്പിയറൊ? ഇങ്ങിനെ ഒരു ചോദ്യം പലപ്പോഴും ചോദിച്ചു കേൾക്കാറുണ്ടു്. ഇതു് ഏററവും ബാലിശമായ ഒരു ചോദ്യമത്രെ. ഇതിനു് എനിക്കു് ഇത്രയേ സമാധാനം പറവാനുള്ളു: അവർ പരീക്ഷക്കിരിക്കുന്ന സ്കൂൾകുട്ടികളല്ല.

## മഴ കണ്ട കുട്ടി.

—കെ. കെ. രാജാ.

ഭേമഴപെയ്യുമൊരന്തിക്കിറയത്തൊ–
രോമനക്കുട്ടനിതോതി നിൽപ്പൂ.

“വാനത്തു മണ്ടികളിക്കും കിടാങ്ങളേ!
ഞാനും വരട്ടേ കളിപ്പാൻ കൂടെ?
ചേച്ചി പിടിച്ചുപറിക്കയാലിന്നേരം
പീച്ചാങ്കുഴലെനിക്കില്ലാതായി
ചങ്ങാതിമാർ നിങ്ങൾ പീച്ചിയ നീർത്തുള്ളി
യിങ്ങെന്റെ മുററത്തു മാരിയായി
പേശലകാന്തി കലർന്നിതാ കാണുന്നു
തൂശിപോലെത്രയും മിന്നിമിന്നി.
തീച്ചരടൊത്തോരു ചാട്ടവാറിങ്ങനെ
ചാച്ചുലച്ചിട്ടുമച്ചങ്ങാതിയെ
പിച്ചിയോടിക്കും ഞാനന്തികെ പായുന്ന
കൊച്ചനുജന്മാക്കു പേടി തീക്കും
ഇയ്യിറയത്തുനിന്നൊന്നു പറക്കുവാ–
നിയ്യുൽച്ചിറകുമില്ലയ്യോ പാപം!
മാനത്തെ രാജാവിങ്ങെങ്ങാനുമെത്തിയാൽ
ഞാനാ വിമാനത്തിൽക്കേറിനില്ക്കും.
വാനത്തു മണ്ടികളിക്കും കിടാങ്ങളെ!
ഞാനും വരട്ടേ കളിപ്പാൻ കൂടെ?”

# നിയതിയുടെ നിർബ്ബന്ധം.

—പണ്ഡിതർ കരുവേലി രാമൻമേനോൻ.

(തുടർച്ച)

വക്കീൽ— (പുറത്തേക്കു ശ്രദ്ധിച്ചിട്ടു്) ആരോ ഒരാൾ വരുന്നുണ്ടെന്നു തോന്നുന്നു.

ദേവകിയമ്മ സൂക്ഷിച്ചുനോക്കുന്നു. (പുഷ്പം വച്ചുകെട്ടിയ തലമുടിയും തോളിൽ മുണ്ടും പൂണുനൂലും കുടവയസ്സുമായ ഒരാൾ കിറക്കുടയും കക്ഷത്തിൽ വച്ചുംകൊണ്ടു കയറി അടുത്തുവന്നു നിന്നിട്ടു്)

എന്നാ! പെരിയോരെ. ഇപ്പടി ശുമ്മാ ഇരിക്കിറതു്. ശാമു അയ്യർ വന്തുവിട്ടാർ.

വക്കീൽ—ആ. സ്വാമികളോ! ഇരിക്കണം. ഇന്നെന്താ ഇങ്ങിനെ നേരത്തെ പുറപ്പെട്ടതു്.

ശാമു അയ്യർ—(ഇരുന്നിട്ടു്) അല്ലാവടിക്കെന്നശെയ്യലാം. കാര്യം ഒന്നുമതല്ലവാ. എപ്പോ വന്താലും ആളില്ലെ. പണത്തുക്കു് റൊമ്പം പുത്തിമുട്ടായിരുക്കിറതു്. എടവാടൈ തീത്തുവിടുങ്കൾ.

വക്കീൽ—സ്വാമികൾ ബദ്ധപ്പെട്ടാൽ കാര്യമാവില്ല. പണം വേണ്ടേ? കക്ഷികളുടെ കയ്യിൽനിന്നു കുറെയൊക്കെ കിട്ടാനുണ്ടു്. അതു കിട്ടിയാൽ പലിശയെങ്കിലും തീർത്തുകൊള്ളാം.

ശാമു അ—എന്നടപ്പാ ഇതു്. എപ്പോതും അവുതിയും കറിയുന്താൻ! ഇന്തന്ന ന്യായം, (ദ്വേഷ്യത്തോടെ) നാനെന്ന ഒമ്മുടെയ കളിപ്പുള്ളയാ?

വക്കീൽ—അങ്ങു് ഇത്രയൊന്നും ലഹളകൂട്ടണ്ട. പണം കിട്ടിയാൽ ഉടനെ എത്തിക്കാം. കടിച്ചാൽ പൊട്ടാത്ത ലക്ഷ്യം കയ്യിലുള്ളപ്പോൾ ഇത്ര പേടിക്കാനെന്താണുള്ളതു്?

ശാമു—(ദ്വേഷ്യത്തോടെ) എന്നിടാത്. ലച്ചിയം ഇരുന്താൽ കാര്യം മുടിയുമാ! എന്നാ ഇത്ര തിക്കാരം. നീര് വക്കിലാം. അത്ക്ക് നമ്മക്കെന്നാ. നാൻ പയപ്പെട്ടുമാ. നല്ല കാര്യം. മനുച്ചിയനായാ ലജ്ജൈ വേണ്ടാമാ?

വക്കീൽ—(കോപത്തോടെ) എന്താഹേ. ഇത്ര പേടിപ്പിക്കുന്നതു്? പണവും മററും വെറുതെയുണ്ടാകുമോ? ഞാൻ തരാൻ ഭാവമില്ല. അങ്ങു മേടിക്കു, കാണട്ടെ.

ശാമു—(പല്ലു കടിച്ചുംകൊണ്ടു്) ആഹാ. അപ്പടിയാ. രൊമ്പം നല്ലത്.

മുൻ പണയക്കാരൻ നാൻ താൻ. തെരിന്തതാ. പാത്തുക്കോ. നാളേക്ക് അന്യായം ഫയൽ. (ദ്വേഷ്യത്തോടെ എഴുന്നേററ് തല കുടഞ്ഞു കെട്ടി മുണ്ടെടുത്തു കുത്തി വയറും തുളുമ്പിച്ചു കുലുങ്ങിക്കൊണ്ടു പോകുന്നു.)

വക്കീൽ അധോമുഖനായിരിക്കുന്നു.

ദേവകിയമ്മ— (വ്യസനത്തോടെ) ആപത്തു വരുമ്പോൾ കൂട്ടത്തോടെ എന്നു പറഞ്ഞാൽ കഴിഞ്ഞതല്ലോ! ആകപ്പാടെ കടക്കാരെക്കൊണ്ടു പൊറുതി മുട്ടി. (ദീർഘശ്വാസത്തോടെ.) എല്ലാം സഹിക്കാതെന്തു ചെയ്യാം.

(വക്കീൽ തലയുയർത്തി ദീർഘശ്വാസത്തോടെ പ്രകൃതം മാററിക്കൊണ്ട്.) ഇന്നൊരു കക്ഷി കുറെ സംഖ്യ കൊണ്ടുവരാമെന്നു പറഞ്ഞിരുന്നു. നേരം നെറിവും ഒരെണ്ണത്തിനില്ല. എന്തൊരു ശനിയന്മാരാണ് (ദ്വേഷ്യത്തോടെ എഴുന്നേററ് ലാത്തുന്നു)

ഭാര്യ—അപ്പോൾ അന്ന് ആയിരം ഉറപ്പിക്കു തരാമെന്നു പറഞ്ഞ ആ നമ്പൂരിയുടെ കേസ്സെന്തായി. ഇരുന്നൂറുറപ്പികയല്ലേ തന്നിട്ടുള്ളു. ബാക്കിയോ!

വക്കീൽ—(കുണ്ഠിതത്തോടെ) അതും നമ്മുടെ വിധിവൈപരീത്യം. തെളിവുകളെല്ലാം വേണ്ടതും അതിലധികവും ഉണ്ടായിരുന്നു. ജയിക്കാമെന്നു ധൈര്യവും ഉണ്ടായിരുന്നു. പക്ഷെ വിധി പറയുന്നതിൻെറ തലേദിവസം വിധികത്താവ് എതൃകക്ഷിയെ മാത്രിൽവച്ചു കണ്ടുവത്രെ? കീഴ്ക്കോടതി ശരിവച്ചു വിധിയും കഴിഞ്ഞു.

ഭാര്യ—നിങ്ങൾ പിടിക്കുന്നതു് ഒന്നെങ്കിലും ഗുണമായിക്കാണുന്നില്ലല്ലോ? ഇതിനൊരു ചോദ്യവും ഇല്ലെന്നോ?

വക്കീൽ—ആരു ചോദിക്കാനാണ്. ആ കാര്യമൊന്നും പറയണ്ട.

ഭാര്യ—ഇവിടെ സദാ സമയവും ഓരോരുത്തര് പാട്ടുകിടക്കുന്നതു കാണാല്ലോ, അവരൊന്നും തരില്ലേ?

വക്കീൽ—അക്കാര്യമാണ് ഇതിലും കാഷ്ടം. വരുമ്പോൾതന്നെ കുട്ടിക്കു കഷായത്തിനു മരുന്നു മേടിക്കാൻ നിവൃത്തിയില്ലാഞ്ഞിട്ടു കുട്ടി ചത്തുപോയെന്നാണു പല്ലവി. ദേവു കാണാറില്ലേ. ആ തൊഴലും കഴിഞ്ഞു് ഉള്ള മുറുക്കാനും തിന്നുമുടിച്ചു പോകുന്നതു്.

ഭാര്യ—(പുരികം ചുളുക്കിക്കൊണ്ടു്) നിങ്ങൾ ധർമ്മിഷ്ഠനല്ലേ? ഇവിടത്തെ പാട്ട് ഇനിക്കല്ലേ അറിഞ്ഞുകൂടു. (തല കുണുക്കിക്കൊണ്ടു്) ഒന്നും തരാതെ കഴിക്കാനാണല്ലെ ഇവിടെ വന്നുകൂട്ടുന്നതു്. ഇനി

ഞാൻ നോക്കിക്കൊള്ളാം. (പുറത്തേക്ക് നോക്കീട്ട്. ആരാ! കരാം വരുന്നതു്.)

വക്കീൽ—(നോക്കീട്ട്) ആവൂ ജയിച്ചു. എന്തുണ്ടാവുമാദവാ?

(കയ്യിൽ കുറെ കടലാസ്സുകെട്ടുമായി കരാം പ്രവേശിക്കുന്നു. അടുത്തു വന്നു് തൊഴുതുംകൊണ്ടു നില്ക്കുന്നു.)

(വക്കീൽ നേരെ നോക്കീട്ട്, ശാന്തസ്വരത്തിൽ) എന്താ ഇപ്പഴ പുറപ്പെട്ടാറായുള്ള അല്ലേ? ഇന്നു നടപടി നടത്തേണ്ടതല്ല്യേ? പണം കൊണ്ടുവന്നിട്ടില്ലേ?

കക്ഷി—(തല ചൊറിഞ്ഞുംകൊണ്ടു്) ഏമാനൻ ഒരു ദയവു ചെയ്യണം. കൃഷിയിൽ വലിയ നഷ്ടമൊക്കെ പററി. നാളികേരത്തിനു വിലയും ഇടിഞ്ഞു. കൊച്ചുങ്ങൾക്കൊന്നിനും തീരെ സുഖമില്ല. കഷ്ടത്തിലായി.

വക്കീൽ—(ദ്വേഷ്യത്തോടെ) ഏന്തെടോ താൻ പറയുന്നതു്. അതൊക്കെ തന്നോടു ഞാൻ ചോദിച്ചുവോ? ഇതൊന്നും പറഞ്ഞുംകൊണ്ടു് ഇങ്ങട്ടു വരണ്ട. പണമുണ്ടോ? ഇല്ലെങ്കിൽ ചിലവായതു് ഗോപി. ഒടുവിൽ എന്നെ പഴി പറയരുതു്. പൊയ്ക്കോള്ളുക.

കക്ഷി—ഏമാനൻ ഒന്നു ദയവു ചെയ്യണം. ഇല്ലെങ്കിൽ കുഡുംബം കഷ്ടത്തിലാവും.

വക്കീൽ—അതിനു് ഞാനെന്തുവേണം. (ഗൌരവത്തോടെ) ഈ പഞ്ചതന്ത്രം പറഞ്ഞാലൊന്നും കോടതി സമ്മതിക്കില്ല. സൎക്കാർകാൎയ്യം മുറപോലെ.

കക്ഷി—അയ്മ്പതു രൂപ കൊണ്ടുവന്നിട്ടുണ്ടു്. പണ്ടം പണയം വെച്ചാണു് ഏമാനനേ? ഒരു നിവൃത്തിയും ഇല്ല.

(വക്കീൽ ഭാൎയ്യയുടെ നേരെ നോക്കുന്നു. രണ്ടു പേരും പുഞ്ചിരിതൂകുന്നു. ഭാൎയ്യ എണീററു് ഗൌരവത്തോടെ അകത്തേക്ക് പോകുന്നു.)

വക്കീൽ—അതെന്തായാലും വേണ്ടില്ല. എവിടെ താഴെ വയ്ക്കുക. (തല ചൊറിഞ്ഞുംകൊണ്ടു്.) എന്താരു സൊല്ലയാണു്.

കക്ഷി—(പണം എണ്ണി വയ്ക്കുന്നു. വക്കീൽ അടുത്തുചെന്നു് എണ്ണി എടുത്തു് മേശയിൽ വച്ചിട്ടു.)

വക്കീൽ—റിക്കാർട്ടൊക്കെ എവിടെ.

(കക്ഷി താഴെ വച്ചുകൊടുത്തു് തൊഴുതുംകൊണ്ടു്.) ഇനിയെല്ലാം ഏമാൻെറ കൃപപോലെ.

വക്കീൽ—(പുഞ്ചിരിയോടെ റിക്കാർട്ടുകൾ എടുത്തു് നോക്കീട്ട് തല

കുണുക്കിക്കൊണ്ടു്) ശെരി. ഞാനേററു. (കക്ഷിയെ നോക്കി) അപ്പോഃ ഇതു് എൻെറ ഫീസ്സു്. നടപടിക്കുള്ള പണം അയ്മ്പതുറപ്പിക നാളെത്തന്നെ എത്തിക്കണം. മനസ്സിലായില്ലെ. ഇനി ഇത് നീട്ടുവാൻ തരമില്ല.

കക്ഷി—അയ്യോ! എൻെറ പൊന്നമ്മാന്നേ, അങ്ങനെ പറയല്ലെ. ഫീസ്സു ഞാൻ പിന്നെ എത്തിച്ചോളാം. രണ്ടുദിവസം കഴിഞ്ഞാൽ!

(അപ്പോ—ഇന്നെന്താ ഊണും മററും വേണ്ടെ! സമയമായല്ലൊ! എന്നുപറഞ്ഞുംകൊണ്ടു ദേവകിയമ്മ പ്രവേശിക്കുന്നു.) അടുത്തു വന്നിട്ടു്— ഇന്നുകച്ചേരിക്കു പോവണ്ടെഃ ഇവിടെ കാപ്പിക്കു പഞ്ചസാര തീരെ ഇല്ല.

വക്കീൽ—(ദേഷ്യഭാവത്തോടെ) അതിനു ഞാനെന്തുവേണം. വാല്യക്കാരനെവിടെ! വാങ്ങിപ്പിക്കരുതേഃ (മുറുക്കാൻചെല്ലം വലിച്ചുവച്ചിട്ടു്) അല്ലാ ഇതിലൊന്നുമില്ലല്ലൊ! (ഭാൎയ്യയെ നോക്കീട്ടു) കുറച്ചു മുറുക്കാൻ കൊണ്ടുവരു.

ഭാൎയ്യ—അകത്തുണ്ടായിരുന്നതു മുമ്പു കൊണ്ടുവന്നില്ലേഃ ഇനി അവിടെ ഇല്ല.

വക്കീൽ—നന്നായി. (ദേഷ്യത്തോടെ) കൃഷ്ണനെവിടെ! എന്തൊക്കെയൊ വേണ്ടതെന്നുവെച്ചാൽ കൊണ്ടുവരുവിക്കു. മുറുക്കാൻ വൈകി.

ഭാൎയ്യ—ഞാനെന്താ ചെയ്യേണ്ടതു് എന്നെ ദേഷ്യപ്പെട്ടാൽ! ആ കുരുത്തംകെട്ട ചെക്കൻ കുട്ടിയെ സ്കൂളിലേക്കു കൊണ്ടുപോയിട്ടു എത്ര നേരമായി. ഒരു സ്ഥലത്തു പോയാൽ പിന്നെ അന്നെങ്ങും വരില്ല. (ഈൎഷ്യയോടെ) അവനവൻ തന്നേല്ലെ വളംവച്ചുകൊടുത്തതു്. ഇപ്പോൾ അനുഭവിക്കു. ഇവിടത്തെ ചോറുതിന്നുന്ന കഴുതകളൊക്കെ ഇങ്ങിനെയാണു്. ഇനി ഇപ്പോൾ പാലുകൊണ്ടുപോവാനെന്തു ചെയ്യും.

വക്കീൽ—(കക്ഷിയെ നോക്കീട്ടു്) എടോ! ഒന്നു് ഈ പീടികയിൽ പോയിവരു. (ഭാൎയ്യയോടു) പറവരവു പുസ്തകം കൊണ്ടുവന്നു കൊടുക്കു.

ഭാൎയ്യ അകത്തേക്കു പോകുന്നു. കക്ഷി സമ്മതഭാവം നടിച്ചു നില്ക്കുന്നു.

ഭാൎയ്യ—(അകത്തുപോയി വന്നിട്ടു്) അല്ലാ പുസ്തകം ഇവിടെ കാണാനില്ല. ഇന്നലെ സാമാനം വാങ്ങീട്ടു എവിടെയാവോ വച്ചിരിക്കുന്നതു്. (ദേഷ്യത്തോടെ) ഇങ്ങിനെ ഒരു ശെനിപിടിച്ച ചെക്കൻ.

വക്കീൽ—അവിടെ ഒക്കെ നല്ലവണ്ണം നോക്കു. ശകാരം വേഗം കഴിയുമല്ലോ!

ഭാൎയ്യ—ഉവ്വ്. ഇവിടെ എങ്ങും കാണാനില്ല.

വക്കീൽ—(ശുണ്ഠികടിച്ചുംകൊണ്ടു്) ഛീ. എന്തൊരു വിഷമമമാണു്. ഇന്നവനെ അടിച്ചു പുറത്താക്കണം. വികൃതി! (ഭാൎയ്യയോടു) ആട്ടെ കുറച്ചു ചില്ലറ കൊടുത്തയക്കു.

ഭാൎയ്യ—കുറച്ചു മുമ്പല്ലെ ഒരുവപ്പികയുണ്ടായിരുന്നതു റൊട്ടിക്കാരനു കൊടുത്തയച്ചതു്.

വക്കീൽ—ഓ അതും ഇല്ലെ? (കക്ഷിയെ നോക്കീട്ടു്.) ആട്ടെ ഒക്കെ ശരിയാകാം. ചില്ലറ വല്ലതുമുണ്ടോ? കുറച്ചു പഞ്ചസാരയും മുറുക്കാനും വേണമല്ലോ.

കക്ഷി—(തല ചൊറിഞ്ഞുംകൊണ്ടു് പതുക്കെ.) (ഇതെന്തൊരു മാരണമാണു്.) (താഴ്ന്ന സ്വരത്തിൽ) കുറച്ചു കഷ്ടിയാണു്.

വക്കീൽ—(കേൾക്കാത്ത ഭാവത്തിൽ) എന്താ മിണ്ടാത്തതു്?

കക്ഷി—(വിചാരം: ഇല്ല. ഈ ഗ്രഹപ്പിഴ വിടില്ല. എന്താ ചെയ്യുക) കൊണ്ടുവരാം.

വക്കീൽ—എന്നാൽ പോയി വരൂ. (കക്ഷി തലയും ചൊറിഞ്ഞു കൊണ്ടു പോകുന്നു.)

വക്കീൽ—(ചിരിച്ചുംകൊണ്ടു) ദേവകി നല്ല സരസത്തിതന്നെ. പോക്കു കണ്ടപ്പോൾതന്നെ എനിക്കു മനസ്സിലായി. കാൎയ്യം കുറിക്കുകൊണ്ടു.

ഭാൎയ്യ—നിങ്ങൾക്കതു പറയാം. നിങ്ങൾ എല്ലാവരും നല്ല എമാന്നായിരുന്നാൽ ഞാൻ ഈയുള്ളവരല്ലെ കഷ്ടപ്പെടുന്നതു്.

വക്കീൽ—ആട്ടെ. ഊണു കാലമായില്ലെ. ഇന്നു സ്വല്പം ജോലിത്തിരക്കുണ്ടു്. ഗുമസ്തൻ ശമ്പളം കിട്ടാഞ്ഞിട്ടു പിണങ്ങിപ്പോയി. തനിച്ചു ജോലി ചെയ്യേണ്ടിവന്നു.

വരൂ. നമുക്കു പോകാം. (രണ്ടുപേരും പോകുന്നു.)

കർട്ടൻ വീഴുന്നു.

## രംഗം. ൩.

സ്ഥലം: മധുരാപട്ടണം. ശങ്കരമേനോൻെറ വീട്ടിലെ ഒരു മുറി.

സമയം: മദ്ധ്യാഹ്നത്തിനു ശേഷം.

(ഗംഗാധരമേനോൻ കിടക്കയിൽ ബോധരഹിതനായി കിടക്കുന്നു. ശങ്കരമേനോൻെറ മകൾ ശാരദ ശീതോപചാരംചെയ്തു ശുശ്രൂഷിച്ചുകൊണ്ടു കട്ടിലിൽതന്നെ ഇരിക്കുന്നു. ശാരദയുടെ നയനങ്ങളിൽനിന്നു ബാഷ്പകണങ്ങൾ ഇററിററുവീഴുന്നു. ഗംഗാധരമേനോൻ കണ്ണു

തുറന്നു പകച്ചു നാലുപാടും നോക്കുന്നു. ശാരദ പരിഭ്രമിച്ചെഴുന്നേററു നില്ക്കുന്നു.)

(ഗംഗാധരമേനോൻ എന്തോ ചില ലിനാക്ഷരങ്ങളെ അല്പവിരാമത്തിലവസാനിപ്പിച്ചു വീണ്ടും കണ്ണടക്കുന്നു. ശാരദ അടുത്തുചെന്നു നാഡി പരിശോധിച്ച് അധോമുഖിയായിരിക്കുന്നു. ഗംഗാധരമേനോൻ കണ്ണു തുറന്ന് ആ സർവ്വാംഗസുന്ദരിയെ ആർത്തിയോടെ നുകർന്നുകൊണ്ട് എന്തോ പറയുവാൻ ഭാവിക്കുന്നു. ശാരദ അഭിപ്രായം അറിഞ്ഞപോലെ നടിച്ചിട്ട്)

ശാരദ—ഒന്നും പരിഭ്രമിക്കണ്ട. ഞാൻ അവിടുത്തെ നിർഭാഗ്യവതിയായ ഒരു പരിചാരിക മാത്രം. ഇതാ (കാപ്പി പകർന്നിട്ട്) ഈ കാപ്പി സ്വല്പം കഴിക്കൂ.

(ഗംഗാധരമേനോൻ എഴുന്നേററ് ഒന്നും മിണ്ടാതെ അധോമുഖനായിരിക്കുന്നു.)

ശാരദ—ഇതാ കാപ്പി കുടിക്കൂ. ക്ഷീണം വളരെയുണ്ട്.

(ഗംഗാധരമേനോൻ പാത്രം വാങ്ങിക്കൊണ്ടു മുഖത്തേക്കു നോക്കീട്ടു കാപ്പി കുടിക്കുന്നു.)

(ശാരദ മന്ദസ്മിതത്തോടെ ദർശനമാത്രത്തിൽ പരാജിതയായി നില്ക്കുന്നു.)

ഗംഗാ-മേ—(ശാരദയെ നോക്കി ധൈര്യമവലംബിച്ചിട്ട്) സാദ്ധ്വീരത്നമേ! ഭവതി ഏതാണ്? ഞാനെങ്ങിനെ ഇവിടെ വന്നു?

ശാരദ—(വിചാരം: അല്ലാ എന്നെ അറിയില്ലെന്നോ? ഇതും ദൈവേച്ഛയായിരിക്കാം.) (സമാധാനത്തോടെ) ഒരുപക്ഷെ ചിത്തഭ്രമമായിരിക്കാം.) (പ്രകാശം) (ഈർഷ്യയോടെ) അങ്ങുന്നെന്നെ അറിയില്ലായിരിക്കാം അല്ലേ? (ദീർഘശ്വാസത്തോടെ) ശരി. അതും അങ്ങയുടെ കുററമല്ല. വല്ല ദുർവ്വാസസ്സിൻെറ ശാപവും അതിനു നിദാനമായിരിക്കാം.

ഗംഗാ-മേ—(വിചാരം: കഷ്ടം സർവ്വാംഗസുന്ദരിയായ ഈ തരുണീരത്നം ഏതായിരിക്കാം. മുഖപരിചയം എന്നെ ഏററവും അട്ടപ്പിക്കുന്നു. എന്നുതന്നെയല്ല പ്രഥമദർശനത്തിൽതന്നെ ആശ്ചര്യജനകമായ ഒരു വികാരത്തിന്നു ഞാൻ വിധേയനാകയും ചെയ്തു. വിശേഷിച്ച് ഇവൾ എൻെറ ഒരു കാമുകിയായിരുന്നെന്നല്ലേ ഈ വാക്കിൻെറ സാരം.) ആലോചിച്ചിട്ടു, (പ്രകാശം) ഭവതി പറയുന്ന ഈ അവ്യക്തവാചകത്തിൻെറ അർത്ഥം എന്തായിരിക്കുമോ ആവോ? എനിക്കിതെല്ലാം ദിവാസ്വപ്നമായിത്തോന്നുന്നു. (കണ്ണുംതിരുമ്പി അധോമുഖനായിരിക്കുന്നു)

ശാരദ—ഭവാൻ ദിവാസ്വപ്നം കാണുകയാണെങ്കിൽ! (കുണ്ഠിതത്തോടെ) എന്റെ അഭിപ്രായം വനരോദനമായിരിക്കാം അല്ലെ? പുരുഷഹൃദയം ഇത്ര കൃതഘ്നവും കുത്സിതവുമാണെന്നു കരുതിയിരുന്നില്ല. അതിന്റെ ഫലം ഞാൻ അനുഭവിച്ചു. പക്ഷെ (വ്യസനത്തോടെ) അനേകകാലമായിട്ടു ആരാധിച്ചുപോന്നിരുന്ന ആ അമൂല്യസമ്പത്തു് അതേ ആ ദിവ്യവിഗ്രഹം, ഇന്നെനിക്കു കാണാൻ കഴിഞ്ഞു. അതേ—ഞാനെന്റെ കൃത്യം നിർവ്വഹിച്ചുകഴിഞ്ഞു. ഞാനിന്നും സ്വതന്ത്രതന്നെ. പക്ഷേ—ഭവാനോ? (കണ്ണിൽ വെള്ളം നിറയുന്നു) കരഞ്ഞുംകൊണ്ടു്. ഹാ! ഹതവിധി! ഞാൻ ഭാഗ്യഹീനതന്നെ. തലശ്ശേരി കോളേജിലെ ജീവിതം [illegible] വഞ്ചിച്ചു. ഹാ ദുർവ്വിധി! നിന്റെ ദുഷ്ടതക്കു് ഇനിയും ഇച്ചുള്ളവൾ കോമരമാവില്ല. അന്നത്തെ പ്രതിജ്ഞ! ഹാ—(വീഴുന്നു)

ഗംഗാ-മേ—(സ്തബ്ധനായിരുന്നിട്ടു് ആത്മഗതം) അയ്യോ! ഞാൻ മഹാപാപിതന്നെ. കഷ്ടം. ആ പിഞ്ചുഹൃദയത്തെ ഞാനെത്രമാത്രം ദ്രോഹിച്ചു. പരിഭ്രമിച്ചു് എഴുന്നേററു ശാരദയെ എടുത്തു് ആലിംഗനം ചെയ്തിട്ടു്.)

ഗംഗാ-മേ—പ്രിയേ? ശാരദേ! ഞാൻ ഭവതിയോടൊരു മഹാപരാധം പ്രവൃത്തിച്ചുപോയി. എന്റെ കൃതഘ്നതക്കു മാപ്പുതരിക. ഭവതി അന്നത്തേതിലും എത്രയോ ക്ഷീണിച്ചുപോയി. കാരണം ഞാനായിരിക്കാം. (കണ്ണീർ തുടച്ചുംകൊണ്ടു്) എന്റെ ചിത്തഭ്രമമായിരിക്കാം ഈ നിലയിലും എന്നെ വിസ്മരിപ്പിച്ചതു്. അല്ലെങ്കിൽ നിരാശക്കും നിസ്സ്വപനതക്കും നിദാനനായിത്തീർന്ന ഞാനതിന്റെ ഫലം അനുഭവിച്ചുകഴിഞ്ഞു.

ശാരദ—മതി മതി. എന്നെ വിടു. (കൈപിടിച്ചു മാററുവാൻ മതിരുന്നു.) (ദുഃഖപാരവശ്യത്തോടെ) എന്റെ ആഗ്രഹം സാധിച്ചു. ഞാൻ കൃതാർത്ഥയായി. ഇനി എന്റെ ആശ— ജീവിതത്തോടു യാത്രപറയുവാൻ എന്നെ അനുവദിക്കണം—ഇത്രമാത്രം.

ഗംഗാ-മേ—പ്രാണനാഥേ! സമാധാനിക്കൂ. ഇതെല്ലാം ഈശ്വരസങ്കല്പമായിരിക്കാം. എന്റെ ജീവിതസർവ്വസ്വവും ഭവതിക്കായി അർപ്പിച്ചുകഴിഞ്ഞു. ഇതു നമ്മുടെ ദാമ്പത്യസോപാനത്തിലേക്കുള്ള പ്രവേശദ്വാരത്തിന്റെ ഉൽഘാടനകർമ്മമാണു്.

(ശാരദ ലജ്ജാവനതമുഖിയായി പെരുവിരൽകൊണ്ടു ഭൂതലം ചിത്രീകരിക്കുന്നു.)

ഗംഗാ-മേ—(കയ്യിന്മേൽ പിടിച്ചുംകൊണ്ടു) അവട്ടെ ഇരിക്കു. ശാരദേ! ഭവതി ഇനിയെന്തിനു പരിഭവിക്കുന്നു. ഞാൻ ക്ഷമാപണം ചെയ്തില്ലേ? ഇനിയെന്താ, ചോദിക്കട്ടെ.

(ശാരദ അർത്ഥഗർഭമായി ഏറുകണ്ണിട്ടുനോക്കി മിണ്ടാതെ നില്ക്കുന്നു)

ഗംഗാ-മേ— (വെമ്പലോടെ) ഞാൻ എങ്ങിനെ ഇവിടെ വന്നുചേൎന്നു?

ശാരദ— (മന്ദസ്മിതത്തോടെ) അതോ. ഇതെല്ലാം ഈശ്വരന്റെ കളിയാണ്. കാളേജിൽനിന്നു പിരിഞ്ഞതുമുതൽ (ഈൎഷ്യയോടെ) നിങ്ങൾ എന്നോട് എന്നന്നേക്കുമായിപിരിയാൻ ആശിക്കുകയും (ലജ്ജയോടെ) ഞാൻ അഹോരാത്രം നിങ്ങളെത്തന്നെ ധ്യാനിച്ചും ആരാധിച്ചും കഴിഞ്ഞുകൂടുകയുംചെയ്തു. എന്തോ കുരുട്ടുഭാഗ്യത്താൽ ഹെൽത്തു ആപ്പീസിൽ ഒരു ഉദ്യോഗവും കിട്ടി. ഇന്നു ഞാൻ ആപ്പീസിൽനിന്നും പോരുമ്പോളാണു താങ്കളെ ഈ നിലയിൽ കമ്പനിയുടെ കോലായിൽ ബോധരഹിതനായിക്കാണാനിടയായതു്.

ഗംഗാ-മേ—(കുണ്ഠിതത്തോടെ) ഓ, ശരിയാണ്. ഞാൻ ഉദ്യോഗാൎത്ഥിയായി അലഞ്ഞുതിരിഞ്ഞ് എങ്ങിനെയോ അവിടെ വന്നുചേൎന്നതാട്ടെ. അച്ഛനെവിടെ. ഇപ്പോൾ ജോലിയെന്താണു?

ശാരദ— ഒരു ഇൻഡസ്ട്രിയൽ കമ്പനിയിൽ അസിസ്റ്റൻറാണ്. എഴുന്നൂറുറുപ്പിക ഇപ്പോൾ ശമ്പളമുണ്ട്. ഇനി അടുത്തു് ആയിരം കൊടുക്കാമെന്നു പറഞ്ഞിട്ടുണ്ട്.

ഗംഗാ-മേ— (അത്ഭുതത്തോടെ) ആരുടെ കമ്പനി. ഇത്ര കേമമായിട്ടുള്ള ഒരു ഇൻഡസ്ട്രിയൽ കമ്പനിയോ?

ശാരദ— (മുഖം കോട്ടിക്കൊണ്ട്) ഓ മതി. മതി. ഒന്നും അറിയാത്ത ഭാവത്തിൽ ബാക്കിയുള്ളവരെ കളിയാക്കാനാണു ഭാവം. ആൾ അന്വേഷിച്ചു വന്നതൊന്നുമറിഞ്ഞേ ഇല്ല. എന്നെ മറയ്ക്കാനൊന്നും നോക്കണ്ട.

ഗംഗാ-മേ—ശാരദ എന്തു വിഡ്ഢിത്തമാണു പറയുന്നതു്. (പരിഭ്രമത്തോടെ) വീട്ടിൽനിന്നോ! അച്ഛനോ! പറയു. ആരാണന്വേഷിച്ചുവന്നതു്. എന്നെയോ! എന്തുകളിയാക്കുന്നു?

ശാരദ— അതെ-അതെ. ഞാനറിയും. വലിയ ഭാഗ്യമൊക്കെ വരുമ്പോൾ ആളുകൾ കണ്ണു തുറക്കില്ല.

ഗംഗാ-മേ— എന്തോ എനിക്കൊന്നും മനസ്സിലാവുന്നില്ല. എന്തു ഭാഗ്യമാണാവോ ഈ തെണ്ടിനടക്കുന്നവനു്? (വെറുപ്പോടെ) അത്രയൊന്നും പരിഹസിക്കണ്ട.

ശാരദ—കേട്ടില്ലേ! പരിഹാസിക്കയാണത്രെ! • ഞാനൊക്കെ അറിഞ്ഞിട്ടുണ്ടു്!

ഗംഗാ-മേ—എന്തറിഞ്ഞു. എന്താ പറയൂ. എനിക്കു മനസ്സിലായില്ല.

ശാരദ—(നീരസത്തോടെ) എന്നാൽ പറയാം കേട്ടോളൂ. എന്റെ അച്ഛൻ ജോലി ചെയ്യുന്ന കമ്പനി മാനേജർ നിങ്ങളുടെ സ്വന്തം—നാട്ടുകാരൻ. നാലഞ്ചു കമ്പനികളുടേയും പത്തുപന്ത്രണ്ടു സ്റ്റോറുകളുടേയും ഉടമസ്ഥനും അനേകലക്ഷം ജനങ്ങളുടെ അന്നദാതാവുമായ ഒരു കോടീശ്വരപ്രഭു. ആ ആളാണു നിങ്ങളെ തിരഞ്ഞുപിടിക്കുവാൻ ആളുകളെ അയച്ചിരുന്നതു്. വേണ്ടിവന്നാൽ അദ്ദേഹംതന്നെ പുറപ്പെടുവാനും തയ്യാറായിരുന്നു.

ഗംഗാ-മേ—എന്തിനുവേണ്ടി? എന്നെക്കൊണ്ടയാൾക്കെന്തു പ്രയോജനമാണു്. ഞാനങ്ങിനെ ഒരാൾക്കു് ഒരു കുററവും ചെയ്തിട്ടില്ലല്ലോ!

ശാരദ—കുററം ചെയ്തിട്ടില്ലെന്നോ? ആരു പറഞ്ഞു. (പുഞ്ചിരിയോടെ) പക്ഷെ ശിക്ഷിക്കാനല്ല. ഒരു കോടീശ്വരനാക്കാനാണു്.

ഗംഗാ-മേ—(പരിഹാസസ്വരത്തിൽ) ശാരദയ്ക്കെന്താ ഭ്രാന്തു പിടിച്ചുവോ? ആരാണതു് വ്യക്തമായിപ്പറയൂ.

ശാരദ—(ദ്വേഷ്യത്തോടെ) ഇനിയും മനസ്സിലായില്ലേ? നിങ്ങളുടെ സ്വന്തം നാട്ടുകാരനായ ഭാസ്കരമേനോ അറിയില്ലേ? അദ്ദേഹംതന്നെ.

ഗംഗാ-മേ—(അത്ഭുതവും നിരാശയും കുണ്ഠിതവും ഇടകലർന്ന ഭാവത്തോടെ പതുക്കെ) എന്തൊരു കഥയാണിതു്. (പ്രകാശം) എനിക്കുദ്യോഗമില്ലെങ്കിൽ അയാൾക്കെന്തു വേണം? ഞാൻ ആവശ്യപ്പെട്ടില്ലല്ലോ? ആരു പറഞ്ഞിട്ടാണു്.

ശാരദ—(ഭാവഭേദത്തോടെ) ആവോ? ചെന്നന്വേഷിക്കൂ. എനിക്കു പറയാൻ കഴിയില്ല. വേണമെങ്കിൽ ആളെ കാണിച്ചുതരാം.

(ശാരദ പെട്ടി തുറന്നു് ഒരു കവർ കൊണ്ടുവന്നു കയ്യിൽ കൊടുക്കുന്നു.)

ഗംഗാ-മേ—(പരിഹാസത്തോടെ) ഓ ഹോ. കവറിലാണോ? ആൾ!—(തുറന്നുനോക്കിട്ടു് അത്ഭുതത്തോടെ) ആരാണിതു് എന്റെ അനുജത്തി ഭാനുവല്ലേ! (ദ്വേഷ്യത്തോടെ) ഭാനു എനിക്കുവേണ്ടി എഴുതിയിരുന്നുവോ? വികൃതിപ്പെണ്ണു് ഇത്രക്കായോ?

ശാരദ—വേണ്ടവേണ്ട. അത്രയൊന്നും ശുണ്ഠി കടിക്കണ്ട. ഭാസ്കരമേനോനും ഭാനുവും തമ്മിലുള്ള വിവാഹനിശ്ചയമൊക്കെക്കഴിഞ്ഞു. താങ്കളെ കണ്ടുപിടിക്കുന്നതുവരെ ക്ഷമിക്കേണമെന്നാണു് അച്ഛന്റെ അപേക്ഷ.

ഗംഗാ-മേ—അച്ഛൻ സമ്മതിച്ചുവോ?

ശാരദ—അച്ഛനാണ് അദ്ദേഹത്തോട് ആവശ്യപ്പെട്ടതു്. നിങ്ങളുടെ സ്വത്തെല്ലാം കടക്കാർ വിററെടുത്തു് എല്ലാവരേയും പുറത്തിറക്കി.

(ഗംഗാധരമേനോൻ—അയ്യോ അച്ഛാ. അവിടേക്കിതും സംഭവിച്ചുവോ? (നിലവിളിക്കുന്നു.)

ശാരദ— ഇല്ല—ഇല്ല പരിഭ്രമിക്കാനില്ല. ഭാസ്കരമേനോൻ അതെല്ലാം അയ്മ്പതിനായിരം ഉറപ്പികക്ക വീണ്ടെടുത്തു ഭാനുവിൻെറ പേരിൽ ഉറപ്പിച്ചു. അവരിപ്പോഠം സുഖമായിരിക്കുന്നു. അദ്ദേഹത്തിൻെറ ചുമതലപ്പെട്ട സ്ഥാപനങ്ങളിൽ ചിലതെല്ലാം താങ്കളെ ഭരമേല്പിക്കാൻവേണ്ടിയാണു കണ്ടുപിടിക്കാൻ ആളുകളെ അയച്ചിരുന്നതു്.

ഗംഗാ-മേ—(വിചാരം) ഹാ കഷ്ടം. അദ്ദേഹത്തേയും ആ വിശിഷ്ടവ്യവസായത്തെയും ഞാനെന്നെത്ര അധിക്ഷേപിച്ചു. അന്നത്തെ ശ്രീധരമേനോൻെറ അഭിപ്രായം എത്ര ശരിയാണ്. ഈ പിച്ച തെണ്ടിക്കുന്ന പാശ്ചാത്യപരിഷ്കാരത്തിലും വ്യത്ഥമായ വിദേശഭാഷയിച്ചുമുള്ള വ്യാമോഹം എൻെറ ജീവിതത്തെ ശൂന്യശൂന്യമാക്കിത്തീത്തു. ഇതുപോലെ എത്ര ലക്ഷം ജനങ്ങളാണ് ഈ ദുരഭിമാനത്തിനു പിച്ച തെണ്ടുന്നതു്.)

(പ്രകാശം)—അപ്പോഠം കരിടക്കു് ഈ ബന്ധം വേണ്ടെന്നു വച്ചതാണല്ലൊ?

ശാരദ—എൻെറ അനുഭവംതന്നെയായിരുന്നു ഭാനുവിനും. അവരെത്രയോ മുമ്പുതന്നെ തീരുമാനിച്ചിട്ടുള്ള സംഗതിയാണിതു്. പക്ഷെ (നിരസത്തോടെ) അന്നദ്ദേഹത്തിൻെറ സ്ഥിതി അച്ഛൻെറയും സഹോദരൻേറയും അത്യാത്തിക്കെതിരായിരുന്നു. (പുച്ഛഭാവത്തിൽ) ഇപ്പോഠം പണംതന്നെ ഗുണം. ആപത്തിൽ ആരാണുപകരിച്ചതു്.

ഗംഗാ-മേ—(കുണ്ഠിതത്തോടെ) ശാരദ അപമാനിക്കാനാണ് ഈ നിലയിലെന്നെ എത്തിച്ചതെന്നു ഞാനറിഞ്ഞിരുന്നില്ല. അതും അനുഭവിക്കാതെന്തുചെയ്യാം. ഹാ ജഗദീശ്വരാ! ഇതെല്ലാം അവിടുത്തെ വെറും വിനോദംതന്നെ. (ശാരദയോട്) അച്ഛൻ എന്താ വരാത്തതു്.

ശാരദ—അച്ഛനും (മന്ദസ്മിതത്തോടെ) നിങ്ങളുടെ സ്വന്തം ഭാസ്കരമേനും ഇപ്പോഠം എത്തും. നിങ്ങളെ ഇവിടെ ബന്ധവസ്സ് ചെയ്തിട്ടുള്ള വിവരം അറിവു കൊടുത്തിട്ടുണ്ടു്.

ഗംഗാ-മേ—ശാരദ എന്തെങ്കിലും പറയൂ. എൻെറ ദുരഭിമാനത്തിൻെറ ഫലം ഞാൻ അനുഭവിച്ചു.

ശാരദ—(ചെവിയോൎത്തിട്ടു്) ഇതാ ഭാസ്കരമേനോൻെറ കാർശബ്ദം ാകട്ടു. അച്ഛനും കൂടെയുണ്ടാവും.

(കാർ തിരിഞ്ഞു ഭാസ്കരമേനോനും ശങ്കരൻനായരും പടികടന്നു വരുന്നു.) ശാരദ ദ്ധൃതിയോടെ പുറത്തു വന്നിട്ടു്:—അച്ഛാ ഇന്നെനിക്ക വഴിയിൽകിടന്നൊരു സാധനം കിട്ടി. (ഭാസ്കരമേനോനെ നോക്കീട്ടു) പക്ഷെ ഞാൻ അതു് ആൎക്കും തരില്ല.

(രണ്ടുപേരും അന്യോന്യം നോക്കി ചിരിച്ചിട്ടു്)

ശങ്കരൻനായർ—വേണ്ട ശാരദതന്നെ എടുത്തോള.

ഭാസ്കരമേനോൻ—ആവു, ശാരദയുടെ കാൎയ്യം ജയിച്ചു. പാവം, എത്ര നാളായി.

ശാരദ—(മുഖം ചുളുക്കി ദ്വേഷ്യഭാവത്തോടെ) അവരവരുടെ കാൎയ്യം ജയിച്ചു എന്നു പറഞ്ഞുകൂടാ. എന്നിട്ടു ബാക്കിയുള്ളവൎക്കാണു് പഴി.

ശങ്കരൻനായർ—ആട്ടെ ശാരദേ! എവിടെവെച്ചാണു് കണ്ടുമുട്ടിയതു്.

ശാരദ—(ചിരിച്ചുംകൊണ്ടു്) അതൊക്കെ എന്തിനു പറയുന്നു. തേടിയ വള്ളി കാലിൽത്തന്നെ ചുററി. ആഫീസിൽനിന്നു പോരുമ്പോഠ വഴിയിൽവച്ചു്!

ഭാസ്കര-മേ_ ആളെവിടെ? (പരിഹാസസ്വരത്തിൽ) ഞങ്ങഠക്കൊന്നു കാണാനും പാടില്ലെന്നുണ്ടോ?

ശാരദ—ഓ തുടങ്ങി. (അകത്തേക്ക പോകുന്നു. ഗംഗാധരമേനോൻ അധോമുഖനായി മുമ്പിലും, ശാരദ പിന്നിലുമായി പൂമുഖത്തു പ്രവേശിക്കുന്നു.)

(ഭാസ്കരമേനോൻ ഗംഗാധരമേനോൻെറ കൈപിടിച്ചുംകൊണ്ടു ദീൎഘനിശ്വാസത്തോടെ) ആവു ഇപ്പോഴെങ്കിലും കണ്ടെത്തിയതു ഭാഗ്യം. എത്ര വ്യസനിച്ചു. (നോക്കീട്ടു്) ആഠ വല്ലാതെ പാപ്പരായല്ലോ?

ശങ്കരൻനായർ—ശാരദേ! കാപ്പി കൊടുത്തുവോ?

(ശാരദ ലജ്ജിച്ചു നില്ക്കുന്നു.)

ഭാസ്കര-മേ—(ഉറക്കെ ചിരിച്ചിട്ടു്) നല്ല കാൎയ്യമായി. (ശാരദയെ ഏറകണ്ണിട്ടു നോക്കീട്ടു്) കാപ്പി കൊടുക്കാതിരിക്കുണു?

(ശാരദ ദ്വേഷ്യഭാവത്തോടെ അൎത്ഥഗൎഭമായി നോക്കി അധോമുഖിയായി നില്ക്കുന്നു.)

ശങ്കരൻനായർ—ഗംഗാ, എന്താ ഒന്നും മിണ്ടാത്തതു്.

(ഗംഗാധരമേനോൻ കുണ്ഠിതത്തോടെ നില്ക്കുന്നു.)

ഭാസ്കര-മേ—അദ്ദേഹത്തിനെ നമ്മൾ ബുദ്ധിമുട്ടിച്ചതുകൊണ്ടു മുഷിഞ്ഞിരിക്കാം.

ഗംഗാ-മേ—(ഭാസ്കരമേനോനെ നോക്കി വ്യസനത്തോടെ) പ്രിയപ്പെട്ട ഭാസ്കരമേനോൻ! സംഗതികളെല്ലാം ശാരദ പറഞ്ഞറിഞ്ഞു. എന്റെ പേരിൽ—അതെ എന്റെ വിവേകശൂന്യമായ ധിക്കാരത്തിന്റെ പേരിൽ—താങ്കൾക്കു വല്ല അസഹ്യതക്കും ഇട വന്നിട്ടുണ്ടെങ്കിൽ അതിന്നെനിക്കു മാപ്പു തരിക—ഇതാണ് "നിയതിയുടെ നിബ്ബന്ധം." ഞാനതിനു വിധേയനായിത്തീൎന്നു. ഇന്നു താങ്കളുടെ ഈ ഔദാൎയ്യത്തിന്നുള്ള മഹാഭാഗ്യം എനിക്കുണ്ടായതിൽ ഞാൻ ധന്യനായി.

ഭാസ്കരമേനോൻ—(ചെവി പൊത്തിക്കൊണ്ടു്) ഛേ. ഗംഗാ! ഈ ഒരു കൃത്യം താങ്കളെന്നോടു ചെയ്യുമെന്നു ഞാൻ സ്വപ്നേപി കരുതിയിരുന്നില്ല. ഇതു താങ്കൾക്കു ജീവദശയിൽ എന്നോടു ചെയ്യാൻ വയ്യാത്ത ഒരു മഹാപരാധമാണ്. ഞാനത്തരക്കാരനല്ലെന്നു താങ്കളിനിയും മനസ്സിലാക്കാത്തതു് എന്റെ ദുരദൃഷ്ടം തന്നെ. ആവട്ടെ ഇനി അതൊന്നും ആലോചിച്ചിട്ടു കാൎയ്യമില്ല. (ശങ്കരൻനായരെ നോക്കീട്ടു്). എന്നാൽ ഇന്നു ഞങ്ങൾ പിരിയട്ടെ! ഇനി പലതും ചെയ്യേണ്ടതായിട്ടുണ്ടു്. (ശാരദയോടു്) ഇന്നു നിങ്ങളുടെ സൽക്കാരമൊന്നും സ്വീകരിക്കാൻ ഞങ്ങളൊരുക്കമില്ല. (മന്ദസ്മിതത്തിൽ) ഇപ്പോൾ ആളെ ഞാൻ കൊണ്ടുപോവുകയാണ്. നാളെ ഏല്പിച്ചുതരാം! പോരേ!

ശാരദ—(വെറുപ്പോടെ) ഓ—മതി! എപ്പോഴും കളിയാണ്. (നീരസത്തോടെ) അതല്ലെങ്കിലും എനിക്കറിയാം!

ഭാസ്കര-മേ—അല്ല, ശാരദയ്ക്കു് വിരോധമില്ലെങ്കിൽ എന്നേ ഞാൻ പറഞ്ഞതിനൎത്ഥമുള്ളു.

ശാരദ—(ദേഷ്യത്തോടെ) ഞാനിവിടെ നിന്നിട്ടായിരിക്കാം! ഞാനിതാ പോണു് (എന്നുപറഞ്ഞു ഗംഗാധരമേനോനെ നോക്കി കടാക്ഷിച്ചു പോകുന്നു.)

ശങ്കരൻ-നാ—(ചിരിച്ചുംകൊണ്ടു) നിങ്ങൾതമ്മിൽ തിരെ പൊരുത്തമില്ല. കണ്ടുമുട്ടിയാൽ വഴക്കായി. ശാരദ ശുണ്ഠികടിച്ചു് ഓട്ടവും തുടങ്ങും. (ഗംഗാധരമേനോനെ നോക്കീട്ടു്) അപ്പോൾ! വീട്ടിൽ പോയില്ല അല്ലെ?

ഗംഗാ-മേ—ഇല്ല- നാളെ പോകണമെന്നു കരുതുന്നു.

ഭാസ്കര-മേ—എയ്- അതൊന്നും വേണ്ട. നിങ്ങൾ ഇവിടെ എത്തിയ

വിവരത്തിനു ഞാൻ കമ്പിയടിച്ചിട്ടുണ്ട്. അവരെല്ലാം നാളെ ഇവിടെ എത്തും.

ശങ്കരൻ-നാ— അപ്പോൾ "രണ്ടും" ഇവിടെ വച്ചായിക്കളയാം. അല്ലേ! (ഭാസ്കരമേനോനെ നോക്കീട്ട്) എന്താ! അതല്ലെ നല്ലതു്?

ഭാസ്കര-മേ— സംശയമില്ല. അതാണ് എന്റെയും മോഹം.

ശങ്കരൻ-നാ— (പുഞ്ചിരിയോടെ) ഗംഗാ, എന്താണു മിണ്ടാത്തതു്. സമ്മതംതന്നെയല്ലെ? അതല്ലെ ഭംഗി!

ഗംഗാ-മേ- എല്ലാം നിങ്ങളുടെ ഇഷ്ടം. (ചിരിച്ചുംകൊണ്ടു്) എന്റെ അഭിപ്രായത്തിന്റെ ആവശ്യമെന്താണ്.

ശങ്കരൻ-നാ—(രണ്ടുപേരേയും നോക്കി സന്തോഷത്തോടെ) ഏതായാലും നമ്മൾ എല്ലാവരും ഭാഗ്യവാന്മാരായി.

ഭാസ്കര-മേ— എന്നാൽ നമുക്കു പിരിയുകയല്ലെ. പിന്നെക്കാണാം.

(എല്ലാവരും എഴുന്നേററിട്ടു ശങ്കരൻനായർ ഗംഗാധരമേനോന്റെയും ഭാസ്കരമേനോന്റെയും കയ്യു പിടിച്ചുംകൊണ്ടു്) ഈശ്വരകാരുണ്യത്താൽ എല്ലാം മംഗളമായിത്തന്നെ കലാശിച്ചു. ഇനിയെല്ലാം സർവ്വേശ്വരൻ കടാക്ഷിക്കട്ടെ. എന്നാൽ ഇപ്പോൾ നമുക്കു പോകാം.

(എല്ലാവരും പിരിയുന്നു)

കർട്ടൻ വീഴുന്നു.

# ദാദാഭായി നവറോജി.

—കെ. വാസന്തി.

(തുടർച്ച)

പക്ഷെ, അന്നു് അദ്ദേഹത്തിനു താനുമായി പെരുമാറുന്നവരെപ്പററി അത്രയേ പരിചയമുണ്ടായിരുന്നുള്ളു. ഇന്ത്യൻ രാഷ്ട്രീയപ്രബുദ്ധതയുടെ ആദ്യത്തെ സന്ദേശവാഹകനായിരുന്നു അദ്ദേഹം. അമ്പതു കൊല്ലക്കാലം ഭാരതീയാശകളുടെ ദേഹമെടുത്ത രൂപമായിരുന്നു അദ്ദേഹം. ഒരു പിതാവിൻെറ ഉൽക്കണ്ഠാപൂർവ്വമായ വാത്സല്യത്തോടുകൂടി അദ്ദേഹം കോൺഗ്രസ്സിൻെറ വളർച്ചയെ വീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്തു. മൂന്നു കുറി അദ്ദേഹം ഈ മഹാസഭയുടെ അദ്ധ്യക്ഷസ്ഥാനത്തു കയറി ഇരുന്നിട്ടുണ്ടു്. നമ്മുടെ നേതാക്കന്മാരിൽ ജവഹർലാൽ നെഹറുവിനു മാത്രമേ ഈ യോഗ്യത സമ്പാദിക്കുവാൻ പിന്നീടു കഴിഞ്ഞിട്ടുള്ളു. ദാദാഭായിയുടെ ലാഹോർ കോൺഗ്രസ്സ് ആദ്ധ്യക്ഷത ഒരു മഹൽസംഭവമായിരുന്നു. ബോംബേയിൽനിന്നും ലാഹോർവരെ അതു് ഒരു ജൈത്രയാത്രയായിരുന്നു. പഞ്ചാബ് മുഴുവൻ അന്നു രോമാഞ്ചംകൊണ്ടു. ചോരത്തെറിപ്പുള്ള യുവാക്കന്മാരാണു, കുതിരകളല്ല, പ്രസിഡണ്ടിൻെറ വാഹനത്തെ തെരുവീഥികളിൽക്കൂടി വലിച്ചുകൊണ്ടുപോയതു്. മഹാരാജ രഞ്ജിത് സിങ്ങിൻെറ കാലത്തിനു ശേഷം അത്തരം ഒരു സ്വീകരണത്തെ പഞ്ചാബ് ദർശിച്ചിട്ടില്ല.

ഇന്ത്യക്കു വേണ്ടിയുള്ള യുദ്ധം വിജയകരമാവേണമെങ്കിൽ അതു ബ്രിട്ടീഷ് പാർലിമെണ്ടിൽവെച്ചും നടത്തണമെന്നു് അന്നു് ഇന്ത്യൻ നേതാക്കന്മാരുടേയും അഭ്യുദയകാംക്ഷികളുടേയും ഇടയിൽ ഒരു അഭിപ്രായമുണ്ടായി. ഇന്ത്യയുടെ സുഹൃത്തുക്കൾ പാർലിമെണ്ടിൽ ഉണ്ടായിരുന്നുവെന്നുള്ളതു വാസ്തവംതന്നെ. ജോൺ ബ്രൈററ്, ഫൌസെററ്, ചാറൽസ് ബ്രാഡ്ലാ, ഡബ്ളിയു. എസ്സ്. കെയിൻ എന്നിവരൊക്കെ അന്നു പാർലിമെണ്ട് മെമ്പർമാരായിരുന്നു. ഗ്ലാഡ്സ്ററൺ കൂടി 'ഈ മഹാജനതയുടെ ഉൽബുദ്ധമായ ആശകൾക്കു' കേവലം എതിരുമായിരുന്നില്ല. പക്ഷെ ഇന്നാട്ടിൻെറ ആവശ്യങ്ങളെപ്പററി ഇവിടുത്തുകാരുടെ അഭിപ്രായം ഇവിടുത്തുകാർതന്നെ അവിടെച്ചെന്നു് അറിയിക്കേണ്ടിയിരുന്നു.

എന്നാൽ ബ്രിട്ടനിലെ അന്നത്തെ രാഷ്ട്രീയാന്തരീക്ഷം ഒരു ഇന്ത്യൻ മെമ്പർക്ക് തിരഞ്ഞെടുപ്പ് മത്സരത്തിനു നില്ക്കുവാൻ പററിയതായിരുന്നില്ല. എങ്കിലും ദാദാബായി നവറോജിയും ലാൽ മോഹനഘോഷും തിരഞ്ഞെടുപ്പിനു നിന്നു. പക്ഷെ, പ്രതീക്ഷിച്ചമാതിരി അവർ തോല്ക്കുകതന്നെ ചെയ്തു.

1892_ൽ സാലിസ്ബറി പ്രഭു "ആ കറുത്ത മനുഷ്യനെ"പ്പററി അസഭ്യമായി സംസാരിച്ചു. അതു തീരെ ബുദ്ധിശൂന്യവും മര്യാദകെട്ടതുമായ ഒരു സംസാരമായിരുന്നു. "ആ കറുത്ത മനുഷ്യൻെറ" തൊലി പ്രഭുവിൻെറതിനേക്കാൾ ഒട്ടും കൂടുതൽ കറുത്തതല്ലെന്നു ഗ്ലാഡ്സ്റ്റൺ അതിനു സമാധാനം പറഞ്ഞു. ഇന്ത്യ മുഴുവൻ അന്ന് അരിശംകൊണ്ടു. ഇംഗ്ലണ്ടിലെ രാഷ്ട്രിയാന്തരീക്ഷത്തിൽക്കൂടി അതു ചില മാററങ്ങളുണ്ടാക്കി. ഫിൻസ്ബറി മെമ്പറായി ദാദാബായി പാർലിമെണ്ടിൽ പ്രവേശിച്ചു. ഒരു 'കറുത്ത മനുഷ്യൻ' അന്ന് ആദ്യമായി ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ ഭരണകൂടം തിരിക്കുന്ന സഭയിലെ ഒരംഗമായി!

പക്ഷെ വളരെക്കുറച്ചുകാലം മാത്രമെ ദാദാബായി പാർലിമെണ്ടു മെമ്പറായിരുന്നുള്ളു. മൂന്നു കൊല്ലത്തിനു ശേഷം വീണ്ടും ഒരു തിരഞ്ഞെടുപ്പുണ്ടായി. അതിൽ അദ്ദേഹം തോററുപോയി. അതോടുകൂടി അദ്ദേഹത്തിൻെറ പാർലിമെണ്ടുജീവിതവും അവസാനിച്ചു. ഒരുപക്ഷെ അദ്ദേഹത്തിനു പാർലിമെണ്ടുസമ്പ്രദായം ഉണ്ടായിരുന്നില്ലായിരിക്കാം; ഒരു പക്ഷെ, അദ്ദേഹത്തിനു വാചാലത പോരെന്ന് അവർക്കു തോന്നിയിരിക്കാം; ഒരുപക്ഷെ, സമയം അതിനു തീരെ അനുകൂലമല്ലായിരുന്നിരിക്കാം.

എങ്കിലും മൂന്നു കൊല്ലകാലത്തോളം അദ്ദേഹം പാർലിമെണ്ടിൽ അംഗമായിരുന്നതുകൊണ്ട് ഉടനെത്തന്നെ ചില ഫലങ്ങൾ ഉണ്ടായി. ഇന്ത്യൻ ഭരണത്തിൻെറ ചിലവിനെപ്പററി പാർലിമെണ്ട് ഒരു അന്വേഷണം നടത്തുവാൻ തീരുമാനിച്ചു. അതു സ്മരണീയമായ ഒരു സംഭവമായിരുന്നു. ഇന്ത്യയുടെ സാമ്പത്തികാവസ്ഥയെപ്പററി അന്നു ഭരണമേധാവികൾ വരച്ചിരുന്ന ചിത്രം മാത്രമെ ഉണ്ടായിരുന്നുള്ളു. അതിൻെറ മറുപുറം ലോകത്തിനു തീരെ അജ്ഞാതമായിരുന്നു. ദാദാബായി അതു കണ്ടുപിടിച്ചു. അദ്വിതീയനായ ധനശാസ്ത്രജ്ഞനായിരുന്നു അദ്ദേഹം. ഇന്ത്യയുടെ സാമ്പത്തികാവസ്ഥയെപ്പററിയുള്ള ബ്രിട്ടീഷ്‌വിദഗ്ദ്ധാഭിപ്രായത്തെ അദ്ദേഹം വെല്ലുവിളിച്ചു. ഇന്ത്യയിലെ കൊടിയതായ

ദാരിദ്ര്യത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ കണ്ടുപിടുത്തം ഇവിടെ വമ്പിച്ച പരിവൎത്തനങ്ങളുണ്ടാക്കി. ഭാരതീയ രാഷ്ട്രീയതത്വത്തിന്റെ സാമ്പത്തികമായ അടിക്കല്ലിട്ടതു ദാദാബായി നവറോജിയുടെ ഹസ്തങ്ങളത്രെ.

ഇവിടുത്തെ ഉദ്യോഗസ്ഥന്മാൎക്കു കൊടുത്തുവരുന്ന വമ്പിച്ച ശമ്പളത്തോടാണു് അദ്ദേഹം ആദ്യമായി പടവെട്ടിയതു്. ശോഷിച്ചു കഴിഞ്ഞ ഇന്ത്യയുടെ രക്തമാണു പിന്നെയും പിന്നെയും വാൎന്നുപോയിരുന്നതെന്നു് അദ്ദേഹം പറഞ്ഞു. പൊൻമുട്ടയിടുന്ന താറാവിനെയാണു ഭരണാധികാരികൾ നശിപ്പിച്ചുതുടങ്ങിയതു്. സാമ്പത്തികവും സാംസ്കാരികവുമായ ദാരിദ്ര്യമാണു് ഇന്ത്യയിൽ കൊടുമ്പിരിക്കൊണ്ടതു്. ഇന്നാട്ടുകാർ കേവലം 'വെള്ളം കോരികളും, വിറകുവെട്ടികളും' ആയിത്തീൎന്നുതുടങ്ങിയിരിക്കുന്നു. അകലെനിന്നുംകൊണ്ടുള്ള ഒരു ഭരണസമ്പ്രദായമാണു് ഈ ആപത്തുകൾക്കെല്ലാം കാരണമെന്നു് അന്നു വിശ്വസിക്കപ്പെട്ടു. "ഇന്ത്യയെ നാം ശരിയാംവണ്ണം ഭരിക്കേണമെങ്കിൽ ഇന്ത്യക്കാർ മുഖാന്തിരംതന്നെ ഭരിക്കണം" എന്നു സർ വില്യം ഹണ്ടർ പ്രസ്താവിക്കുകയുണ്ടായി. കുറെക്കൂടി ഇന്ത്യക്കാരെ ഉദ്യോഗസ്ഥന്മാരാക്കുക— ഇതായിരുന്നു ആവശ്യം. അതുകൊണ്ടു സഹജമായ ധീരതയോടുകൂടി ദാദാബായി സിവിൽ സൎവ്വീസ് പ്രക്ഷോഭണത്തെ നയിച്ചു. കുറച്ചു കാലം നീണ്ടുനിന്ന ഒരു പ്രക്ഷോഭണമായിരുന്നു അതു്. ഇന്ത്യയുടെ സാമ്പത്തികപ്രശ്നം സിവിൽസൎവ്വീസിന്റെ പ്രശ്നമാണെന്നു് അദ്ദേഹം വിശ്വസിച്ചു. അദ്ദേഹത്തെസംബന്ധിച്ചേടത്തോളം അതു് ഇന്ത്യയുടെ ജീവിതമരണങ്ങളുടെ സമസ്യയായിരുന്നു. പക്ഷേ അതു് അത്രയും ഗൌരവം അൎഹിക്കുന്ന ഒരു വിഷയമല്ലെന്നു് അദ്ദേഹവും സുഹൃത്തുക്കളും അന്നു മനസ്സിലാക്കിയില്ല. ഉയൎന്ന കുറെ ഉദ്യോഗങ്ങൾ കുറെ ഇന്ത്യക്കാൎക്കു കിട്ടിയതുകൊണ്ടു സാമാന്യജനങ്ങൾക്കു പറയത്തക്ക യാതൊരു ഗുണവും ഉണ്ടാവാനില്ല. തരക്കേടുണ്ടായിരുന്നതു ഭരണപദ്ധതിയിലാണ്. ഉദ്യോഗസ്ഥന്മാർ ഇന്ത്യക്കാരൊ ഇംഗ്ലീഷുകാരൊ എന്നുള്ളതു് അത്ര പ്രധാനമായ ഒരു വിഷയമല്ല.

1906-ൽ കോൺഗ്രസ്സുനൌക കോളുകൊണ്ട വെള്ളത്തിലേക്കാണു് ഒഴുകിയിരുന്നതു്. ബംഗാൾ വിഭജനത്തെത്തുടൎന്നു നാടു മുഴുവൻ വമ്പിച്ച പ്രക്ഷോഭണമുണ്ടായി. വിപിനചന്ദ്രപാലിന്റേയും അരവിന്ദഗോസിന്റേയും നേതൃത്വത്തിൽ സാംസ്കാരികമായ ഒരു പ്രബു

ഖത ബങ്കാളിലെങ്ങും ഉയൎന്നുകാണ്മാനായി. ഇന്ത്യൻ രാഷ്ട്രീയചരിത്രത്തിൽ ഇദംപ്രഥമമായി ഒരു ജനസാമാന്യനായകൻ (Mass Leader) ഉണ്ടായി. കൈലാസപൎവ്വതംതൊട്ടു കന്യാകുമാരിവരെ ബാലഗംഗാധരതിലകന്റെ പേർ മാറ്റൊലിക്കൊണ്ടു. ഒരു പുതിയതരം രാഷ്ട്രീയതത്വത്തെയാണു് അദ്ദേഹം പ്രസംഗിച്ചതു്. അസംതൃപ്തി നാട്ടിലെങ്ങും കാണ്മാനായി. വലിയ ഒരു വിപ്ലവത്തിന്റെ പൊരികൾ കാട്ടുതീപോലെ പടൎന്നുപിടിച്ചു. ശിപായിലഹളക്കുശേഷം അത്തരം ഒരു സംഭവം ഇന്ത്യയിൽ ഉണ്ടായിട്ടില്ല. 1905-ൽ ജപ്പാൻ റഷ്യയെ അടിച്ചുടച്ചതു ലോകചരിത്രത്തിലെ അതിപ്രധാനമായ ഒരു സംഭവമായിരുന്നു. അതു് ഏഷ്യയുടെ വിജയമായി പരിഗണിക്കപ്പെട്ടു. ഇന്ത്യക്കും ഒരു ആത്മവിശ്വാസം ഉണ്ടായതായി കാണപ്പെട്ടു. ഈ അഭൂതപൂൎവ്വങ്ങളായ സംഭവങ്ങൾ നടക്കുന്ന കാലത്തു കോൺഗ്രസ്സു സംശയിച്ചു നില്ക്കുകയാണു് ഉണ്ടായതു്. അതിന്റെ ഈ സംശയം പുരോഗമനോത്സുകരായ വിഭാഗക്കാരുടെ കഠിനമായ വിമൎശനത്തിനു് അതിനെ വിധേയമാക്കി. കിന്നരത്തൊപ്പിവെച്ച കോൺഗ്രസ്സു നേതാക്കന്മാർ ആക്ഷേപിക്കപ്പെട്ടു. കോൺഗ്രസ്സു് ഒരു വഴിതിരിയുന്ന ഘട്ടമായിരുന്നു അതു്.

വളരെ പ്രക്ഷോഭകരമായ ഒരു അന്തരീക്ഷമായിരുന്നു കൽക്കത്താ കോൺഗ്രസ്സിന്റേതു്. സർ ഫിറോസ് ഷാ മേത്തയുടെ ഉത്സാഹത്തിന്മേൽ ദാദാബായിയെ മൂന്നാമതും കോൺഗ്രസ്സു് അദ്ധ്യക്ഷനായി തിരഞ്ഞെടുത്തു. ആ മഹാപുരുഷന്റെ മധുരമായ വാക്കുകൾ കോൺഗ്രസ്സു നൌകയെ കോളുകൊണ്ട കടലിൽനിന്നും അല്പകാലം നീക്കിനിൎത്തി. പക്ഷെ അതു താൽക്കാലികമായ ഒരു രക്ഷ മാത്രമായിരുന്നു. ഛിദ്രം കോൺഗ്രസ്സിന്റെ അടിപ്പലകയേക്കൂടി ചിതലുപിടിപ്പിച്ചിരുന്നു. അതു വൎദ്ധിച്ചുവൎദ്ധിച്ചു സൂറത്തിൽവെച്ചു് അതിനെ തകൎക്കുകയും ചെയ്തു.

ഇനി രാഷ്ട്രീയരംഗത്തിൽനിന്നു താൻ പിരിയാറായെന്നു ദാദാബായി മനസ്സിലാക്കി. താൻ വളൎത്തിക്കൊണ്ടുവന്ന രാഷ്ട്രീയതത്വത്തെ നയിക്കുവാൻ പ്രാപ്തരായ ആളുകൾ വേറെയുണ്ടായിക്കഴിഞ്ഞുവെന്നും, രംഗം ചെറുപ്പക്കാൎക്കായി വിട്ടുംവെച്ചു് ഒഴിഞ്ഞുമാറുകയാണു നല്ലതെന്നും അദ്ദേഹം അറിഞ്ഞു. കടൽത്തിരളു, തെങ്ങിൻതോപ്പുകളുടെ ശീതളഛായ നിറഞ്ഞ വർസോവയിലേക്കു്, തന്റെ അവശിഷ്ടജീവിതം ഒതുങ്ങിയനിലയിൽ കഴിക്കുവാൻവേണ്ടി, അദ്ദേഹം മാറിത്താമസിച്ചു. പക്ഷെ, അവിടെയും അദ്ദേഹത്തിനു വിശ്രമം ലഭിച്ചില്ല.

ആ രാഷ്ട്രീയലക്ഷ്മിയുടെ ആശ്രമത്തിലേയ്ക്കു തീർത്ഥയാത്ര ചെയ്തിരുന്ന ആരാധകന്മാർ ഒട്ടൊന്നുമല്ലായിരുന്നു.

അങ്ങിനെ അദ്ദേഹത്തിൻെറ ജീവിതത്തിൻേറയും സാന്ധ്യകാലം വന്നു. അപ്പോഴെ, കൊമ്പും ചില്ലയും ദ്രവിച്ചുപോയ ഒരു ഒററത്തടിപോലെയാണ് അദ്ദേഹം നിന്നിരുന്നത്. അല്ലൻഹ്യൂം മരിച്ചുകഴിഞ്ഞിരുന്നു. അദ്ദേഹത്തിൻെറ സഹപ്രവത്തകരായ ഗോഖലേയും ഫിറോസ്ഷായും ഇഹലോകത്തിൽനിന്നു പോയിട്ടു കാലം കുറച്ചായിരുന്നു. ഇന്ത്യൻ രാഷ്ട്രീയനഭോമണ്ഡലത്തിൽ മൂന്നുനാലു ദശാബ്ദങ്ങളായി ഉജ്വലിച്ചുകൊണ്ടിരുന്ന താരങ്ങൾ ഒന്നൊന്നായി പൊലിഞ്ഞു പൊലിഞ്ഞുപോയി. ചന്ദ്രൻ മാത്രമേ മങ്ങിമങ്ങി പ്രകാശിച്ചുകൊണ്ടിരുന്നുള്ളു.

അവസാനം ആ ചന്ദ്രഗ്രഹണവും വന്നു. 1917 ജൂൺ 30ാം-നു ആ മഹാത്മാവു യശഃശരീരമാത്രനായി.

അടിമത്വത്തിൻേറയും അജ്ഞാനത്തിൻേറയും അന്ധകാരത്തിൽ പെട്ടു മയങ്ങി ഒളികെട്ടുകിടന്നിരുന്ന ഭാരതീയഹൃദയത്തിൽ സ്വാതന്ത്ര്യബോധത്തിൻേറയും സ്വാഭിമാനത്തിൻേറയും നവ്യവും പുഷ്കലപ്രഭവുമായ ഒരു അരുണോദയമുണ്ടാക്കിയ ആളാണു ദാദാഭായി നവറോജി. "സ്വരാജ്യം നമ്മുടെ ജന്മാവകാശമാണ്" എന്നു് ആദ്യം പറഞ്ഞതു് ആ മഹാപൂരുഷനാണ്. "ലോകത്തിലെ ഏററവും മഹത്തുക്കളും പരിഷ്കൃതങ്ങളും ആയ രാഷ്ട്രങ്ങളുടെ അണിയിൽ ഇന്ത്യ അതിൻെറ പുരാതനമായ ഔൽകൃഷ്ട്യത്തോടുകൂടി ഒരിക്കൽകൂടി വത്തിക്കുമാറാകട്ടെ!" ഇതായിരുന്നു അന്ത്യശ്വാസം വിടുമ്പോഴത്തെ ആ ദേശാഭിമാനിയുടെ പ്രാത്ഥന.

# പുതിയ ശാകുന്തളങ്ങൾ.

## ആററൂർ-വള്ളത്തോൾ ശാകുന്തളങ്ങളെപ്പററി

## ഒരു വിചിന്തനം.

—കെ. വി. എം.

### ൩

#### ൨. പ്രതിമുഖസന്ധി.

രണ്ടാമങ്കത്തിൽ രാജാവു വിദൂഷകനോടു "മാഢവ്യ! കണ്ണുണ്ടായിട്ടുള്ളതിന്റെ ഫലം അങ്ങുന്നനുഭവിക്കാൻ തരമായില്ല. കാണേണ്ടതു് അങ്ങു കണ്ടില്ലല്ലോ" എന്നു പറയുന്നതു മുതല്ക്കു മൂന്നാമങ്കം അവസാനിക്കുന്നതുവരെ പ്രതിമുഖസന്ധിയാകുന്നു. ഇതിൽ ബിന്ദു എന്ന അൎത്ഥപ്രകൃതിയും യത്നമെന്ന കാൎയ്യാവസ്ഥയും ചേൎന്നിരിക്കുന്നു. മൃഗയാപ്രസംഗത്താൽ മദ്ധ്യത്തിൽ വച്ചു വിച്ഛിന്നമായ നായികാവൃത്താന്തത്തെ പുനസ്സംഘടിപ്പിക്കുന്നതാണു് ബിന്ദു. ഉദ്ദിഷ്ടകാൎയ്യത്തിനായുള്ള പ്രവൃത്തി മുഖസന്ധിയിൽ ആരംഭിച്ചു കഴിഞ്ഞു. അതിന്റെ സിദ്ധിക്കുവേണ്ടിയുള്ള പ്രയത്നമാണു പ്രതിമുഖസന്ധിയിൽ നടക്കുന്നതു്. മദ്ധ്യത്തിൽ വിച്ഛിന്നമായ രതി വീണ്ടും ഉൽബുദ്ധമായി പൂൎവ്വാനുരാഗവിപ്രലംഭാവസ്ഥയേയും പിന്നെ ഗ്ലാനിശങ്കാസൂയാനിൎവ്വേദൌത്സുക്യാദികളായ സഞ്ചാരിഭാവങ്ങളാൽ പരിപോഷിതമായിച്ചമഞ്ഞ സംക്ഷിപ്തശൃംഗാരദശയേയും തദനന്തരം കാൎയ്യപ്രവാസവിപ്രലംഭദശയേയും പ്രാപിക്കുന്നതു ഈ സന്ധിയിലാണു്. മാധുൎയ്യഗുണം തികച്ചും ആവശ്യമുള്ള ഒരു സന്ദൎഭമാണിതെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ പ്രസ്തുതശാകുന്തളപരിഭാഷകൾ രണ്ടും വായിച്ചുനോക്കിയതിൽ ആ ഗുണം വളരെ അനുഭവവേദ്യമായി തോന്നുകയുണ്ടായില്ല. ആററൂരിന്റെ പരിഭാഷയിൽ ശ്ലോകങ്ങൾ മിക്കതും രചനാഭംഗികൊണ്ടും മററുഗുണങ്ങൾകൊണ്ടും മെച്ചപ്പെട്ടിരിക്കുന്നു. എന്നാൽ, ശ്ലോകങ്ങൾക്കുള്ള ആ മെച്ചം ചൂൎണ്ണികകൾക്കു കാണുന്നില്ല. വള്ളത്തോളിന്റെ പരിഭാഷയിലാകട്ടെ ശ്ലോകങ്ങൾക്കും ചൂൎണ്ണികകൾക്കുംതമ്മിൽ ഈയൊരു വ്യത്യാസം കാണുന്നില്ല. കാളിദാസരുടെ ശാകുന്തളം വായിക്കുമ്പോൾ സുഖസംവേദ്യമായ വൈദൎഭീരീതിയുടേയും അക്ലിഷ്ടമനോഹരങ്ങളായ ആശയവിശേഷങ്ങളുടേയും അസാമാന്യമായ മഹിമാതിശയത്താൽ കഥാപാത്രങ്ങളുടെ

അതാതവസ്ഥകളോടു താദാത്മ്യം പ്രാപിച്ച നമ്മുടെ ഹൃദയം അവാച്യമായ ആനന്ദാമൃതത്തിൽ മുഴുകുന്നു. തർജ്ജിമകൾ വായിക്കുമ്പോഴത്തെ അനുഭവം ഇതിൽനിന്നു വ്യത്യസ്തമാണ്. തർജ്ജിമകളിൽ ചിലപ്പോൾ രചനയുടെ വൈകല്യംകൊണ്ടും മററുചിലപ്പോൾ അർത്ഥപ്രതീതിയുടെ വൈഷമ്യംകൊണ്ടും വേറെ ചിലപ്പോൾ ആശയത്തിന്റെ വൈശദ്യക്കുറവുകൊണ്ടും പ്രതിഹതമായിച്ചമഞ്ഞ നമ്മുടെ ഹൃദയം കഥാപാത്രങ്ങളുടെ തത്തദവസ്ഥകളോടു താദാത്മ്യം പ്രാപിക്കാതെ തർജ്ജിമചെയ്തു കവികളുടെ യോഗ്യതായോഗ്യതകളെപ്പററി പരിചിന്തിക്കുവാൻ പ്രേരിതമായിത്തീരുന്നു. ഇതു കഥാരസാസ്വാദത്തിന്നു വലിയ പ്രതിബന്ധമുളവാക്കുന്നുവെന്നു പറയേണ്ടതില്ലല്ലൊ. ചില ഉദാഹരണങ്ങളെക്കൊണ്ടു് ഈ സംഗതി വ്യക്തമാക്കാം.

രാജാവു് വിദൂഷകനോടു് "കാണേണ്ടതു് അങ്ങു കണ്ടില്ലല്ലൊ" എന്നു പറഞ്ഞതിനു വിദൂഷകൻ "അവിടുന്നു് എന്റെ നേരെ മുമ്പിലാണല്ലോ ഇരിക്കുന്നതു്" എന്നു മറുവടി പറയുന്നു. അപ്പോൾ രാജാവു് "അവനവനു സൌന്ദര്യമുണ്ടെന്നു് എല്ലാവക്കും തോന്നും. ഞാൻ പറഞ്ഞതു് ആ ആശ്രമത്തിന്നൊരു തിലകമായ ശകുന്തളയെപ്പററിയാണു്" എന്നും പറയുന്നു. ഇങ്ങനെയാണു് ആററൂരിന്റെ തർജ്ജിമ. കാണേണ്ട വസ്തുവിനെ വിദൂഷകൻ കണ്ടില്ലല്ലോ എന്നു രാജാവു് പറയുന്നതിനു തനിക്കു കാണേണ്ടതായിട്ടു രാജാവല്ലാതെ മറെറാരു വസ്തുവുമില്ലെന്നു വിദൂഷകൻ മറുവടി പറയുകയും അതിനെ നിഃഷധിച്ചു രാജാവു് അവനവന്റേതു മനോഹരമാണെന്നു് എല്ലാവക്കും തോന്നുമെന്നു പറകയും ചെയ്യുന്നതായിട്ടാണു മൂലനാടകത്തിൽ കാണുന്നതു്. വള്ളത്തോൾ അങ്ങനെയാണു പരിഭാഷപ്പെടുത്തീയിരിക്കുന്നതും. "അവനവനു സൌന്ദര്യമുണ്ടെന്നു് എല്ലാവക്കും തോന്നും" എന്ന ആററൂരിന്റെ തർജ്ജിമ വായനക്കാരെ കുറഞ്ഞൊന്നു വഴിതെററിക്കുന്നുണ്ടു്. "ലോകത്തിൽവച്ചു കാണേണ്ടതു് എന്റെ ശരീരം മാത്രമാണു്. അവിടുന്നു് എന്റെ നേരെ മുമ്പിലിരിക്കകൊണ്ടു് അവിടേക്കു് അതു നല്ലവണ്ണം കാണാം. എനിക്കതുപോലെ കാണാൻ തരമില്ലല്ലോ എന്നർത്ഥം" എന്നു ടിപ്പണകാരൻ വ്യാഖ്യാനിക്കയും ചെയ്തിരിക്കുന്നു. അഭിരാമവ്യാഖ്യാനമനുസരിച്ചുള്ള പാഠമാണു് ആററൂർ ഈ ഘട്ടത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നു തോന്നുന്നു. എന്നാൽ ഈ പാഠത്തിനും വ്യാഖ്യാനത്തിനും പ്രകൃതാനുഗുണ്യം തീരെയില്ലെന്നാണു് എനിക്കു തോന്നുന്നതു്.

രാജാവ് വിദൂഷകകർത്തൃകമായ ദർശനാഭാവത്തെ ഉപന്യസിച്ചതിനു വിദൂഷകൻ രാജകർത്തൃകമായ ദർശനത്തെയാണു സിദ്ധവൽകരിച്ചു സമാധാനം പറയുന്നതെന്നു വന്നാൽ അതിന് എന്തൊരു യോജിപ്പാണുള്ളത്? വിദൂഷകൻ കാണേണ്ടതു കാണാത്തതിനു വിദൂഷകൻ്റെ ശരീരമാണു കാണേണ്ട വസ്തു എന്നു പറഞ്ഞാൽ സമാധാനമാകുന്നതെങ്ങനെ? രാജാവ് വിദൂഷകൻ്റെ നേരെ മുമ്പിലിരുന്നാൽ വിദൂഷകനു തൻ്റെ ശരീരം കാണുവാൻ സാധിക്കണമെങ്കിൽ രാജാവിൻ്റെ ദേഹം ഒരു കണ്ണാടിയായിരിക്കണം. ഇതിൽ രാജാവിൻ്റെ ദേഹം കണ്ണാടി പോലെയാണെന്നു ധ്വനിക്കുന്നതായി ടിപ്പണകാരൻ പറയാതിരുന്നതു പക്ഷെ അദ്ദേഹത്തെസ്സംബന്ധിച്ചിടത്തോളം ഒരു ന്യൂനതയായിട്ടുവേണം കരുതുവാൻ. ശകുന്തളയ്ക്കു തൻ്റെ പേരിൽ അനുരാഗമുണ്ടെന്നു വിചാരിക്കുവാൻ തക്കവിധം ചില ചേഷ്ടകൾ കാണിച്ചതിനെ രാജാവു വിവരിച്ചപ്പോൾ "അങ്ങനെയാണെങ്കിൽ തീർച്ചയായും അവിടേക്കു പൊതിച്ചോറെടുക്കാം. ആകപ്പാടെ അവിടുന്നു കുറച്ചു കാലത്തേക്കു തപോവനത്തിൽ ശല്യമൊന്നും വരാതാക്കി" എന്ന് ആറന്മരിൻ്റെ വിദൂഷകൻ പറയുന്നു. ഇവിടേയും കുറച്ചൊരൗചിത്യക്കുറവു തോന്നുന്നുണ്ട്. "ശല്യമൊന്നും വരാതാക്കി—ഇവിടെ കുറച്ചു കാലത്തേക്കു സ്ഥിരമായിക്കൂടാനുറച്ചതിനാൽ എന്നു ഭാവം" എന്നു ടിപ്പണകാരനും പറയുന്നു. "ഇവിടുന്നു തപോവനത്തെ ഉപവനമാക്കിയിരിക്കുന്നതായി തോന്നുന്നു" എന്നാണു വള്ളത്തോൾശാകുന്തളത്തിൽ വിദൂഷകൻ പറയുന്നത്. ശകുന്തള അനുരാഗത്തെ വ്യക്തമാക്കിയെങ്കിൽ പൊതിച്ചോറെടുത്തോളു എന്നു പറഞ്ഞ വിദൂഷകൻ രാജാവ് തപോവനത്തെ ഉപവനത്തെ എന്നപോലെ ഒരു പ്രണയപ്രാർത്ഥനാരംഗമാക്കിത്തീർത്തതിനെയാണല്ലോ പരിഹസിക്കുന്നത്. "ശല്യമൊന്നും വരാതാക്കി" എന്നാണെങ്കിൽ ശല്യമൊന്നും വരാതാക്കുക എന്ന നാട്യത്തിൽ തപോവനത്തിൽ പെരുമാറുവാനുറച്ചതിനെ പരിഹസിക്കുന്നതായിട്ടാണു വരിക. കുറച്ചുകഴിഞ്ഞതിനുശേഷം വന്ന മഹർഷികുമാരന്മാരിലൊരുവൻ "കുറച്ചുദിവസം അവിടുന്നു തേരാളിയോടുകൂടി ആശ്രമത്തെ സനാഥമാക്കിയാൽ കൊള്ളാം" എന്നപേക്ഷിക്കുന്നുണ്ട്. ആ അപേക്ഷയ്ക്കുശേഷമാണു വിദൂഷകൻ "കുറച്ചു കാലത്തേയ്ക്കു തപോവനത്തിൽ ശല്യമൊന്നും വരാതാക്കി" എന്നു പറഞ്ഞിരുന്നെങ്കിൽ അതിൽ ഹാസ്യത്തിനു പ്രസക്തിയുണ്ടാകുമായിരുന്നു. ഇവിടത്തെ അപ്രാപ്തകാലമായ "ശല്യമൊന്നും വരാതാക്കൽ" അപ്രതി

ഹതമായി കഴുകുന്ന കഥാസന്ദർഭത്തിന്നു പ്രതിബന്ധം വരുത്തി വായനക്കാരുടെ മനസ്സിന്നു ശല്യമുണ്ടാക്കിത്തീർക്കുന്നു. കരഭകൻ രാജാവിനോടു് ഉണർത്തിക്കുന്ന അമ്മയുടെ സന്ദേശത്തിൽ "തസ്മിൻ ദീർഘായുഷാ അവശ്യം സംന്നിഹിതേന ഭവിതവ്യം" എന്നു പറയുന്നുണ്ടല്ലോ. "എന്റെ ദീർഘായുസ്സുള്ള മകൻ അതിന്നു തീർച്ചയായും ഉണ്ടായിരിക്കണം" എന്നു് ആററൂർ ഇതിനെ തർജ്ജിമചെയ്യിരിക്കുന്നു. "അതിന്നു് ഉണ്ണി തീർച്ചയായും വന്നെത്തണം" എന്നാണു വള്ളത്തോൾതർജ്ജിമ. "ദീർഘായുസ്സ്" എന്നു അമ്മ പറയുന്നതു് വാത്സല്യസൂചകമായിട്ടാണു്. "ഉണ്ണി" എന്നു മാത്രം പറഞ്ഞാലും വാത്സല്യം തോന്നുന്നതാണു്. "ദീർഘായുസ്സുള്ള മകൻ" എന്നതു മൂലത്തിന്റെ പരിഭാഷയല്ല അർത്ഥവിവരണമാണു്. ശകുന്തള മദനതാപതപ്തയായി കിടക്കുകയും സഖിമാർ ശുശ്രൂഷിക്കുകയും രാജാവു് മരക്കൊമ്പുകളുടെ ഇടയിൽ മറഞ്ഞു് അവരുടെ വിസ്രംഭസല്ലാപങ്ങൾ കേൾക്കുകയും ചെയ്യുന്ന രംഗത്തിൽ "പ്രിയംവദ— അനസൂയയെ! കാമാവസ്ഥ അങ്ങേ അററത്തെത്തികഴിഞ്ഞിരിക്കുന്നു" എന്നതുമുതൽ പ്രിയംവദയും അനസൂയയും രാജാവും പറയുന്ന മനോഹരങ്ങളായ ചെറുചൂർണ്ണികകൾ സംസ്കൃതസാഹിത്യത്തിൽ എതുകാലത്തും അത്യന്തമാധുര്യത്തോടുകൂടി ശോഭിക്കുന്നവയാണല്ലോ. ഇവയുടെ തർജ്ജിമ ആററൂരിന്റേതിനേക്കാൾ വള്ളത്തോളിന്റേതാണു് ഹൃദയംഗമമായി തോന്നുന്നതു്. ആററൂർ അതിമുക്തലതയെ പിച്ചകവല്ലിയായും വള്ളത്തോൾ കുരുക്കുത്തിമുല്ലയായും പറയുന്നു എന്നതു് ഇരിക്കട്ടെ. "കിമത്രചിത്രം യദി വിശാഖെ ശശാങ്കലേഖാമനുവർത്തേതേ". എന്ന വാക്യത്തിൽ "വിശാഖനക്ഷത്രങ്ങൾ രണ്ടും" എന്നു് "വിശാഖെ" എന്ന ശബ്ദത്തെ തർജ്ജിമചെയ്തതു് മഹാകഷ്ടമായി. വിശാഖെ എന്ന സ്ത്രീലിംഗനിർദ്ദേശത്തിന്റെ ജീവൻ ഇതിൽ വന്നിട്ടില്ല. രാജാവു് ശകുന്തളയുടേയും സഖിമാരുടേയും മുമ്പിൽ പ്രത്യക്ഷീഭവിച്ചതിന്നു ശേഷം "അവിടുന്നനുഗ്രഹിച്ചു് ഇവളുടെ ജീവിതം നിലനിർത്തേണ്ടതാണു്" എന്നു് പ്രിയംവദ പറയുന്നതിന്നു് രാജാവു് "ഭദ്രേ! ഈ പ്രാർത്ഥന ഞങ്ങൾ രണ്ടുപേർക്കും ഉള്ളതാണു്" എന്നു് ആററൂരിന്റെ രാജാവു് പറയുന്നു. "ഭദ്രേ! സാധാരണോയം പ്രണയഃ" എന്ന മൂലത്തിന്നു് ഈ പ്രാർത്ഥന ഭവതിക്കെന്നോടുള്ളതുപോലെ എനിക്കു ഭവതിയോടുമുള്ളതാണു് എന്നാണർത്ഥം. ആററൂരിന്റെ "ഞങ്ങൾ രണ്ടുപേർ" ആരാണെന്നു് മനസ്സിലാകുന്നില്ല. "പ്രിയംവദ— (കണ്ണു കാട്ടീട്ടു്) അനാ

സൂയേ! ആ മാൻകുട്ടിയതാ........." ഇത്യാദി വാക്യത്തിലെ (കണ്ണുകാട്ടീട്ട്") എന്നതു് വല്ലാത്തൊരു പ്രയോഗമായിരിക്കുന്നു. കണ്ണുകാട്ടുക സാധാരണമായി ഭയപ്പെടുത്തുന്ന സന്ദർഭത്തിലേ പതിവുള്ളൂ. വള്ളത്തോൾ ഇതിനെ 'കണ്ണെറിഞ്ഞിട്ട്" എന്നാണ് പറയുന്നതു്. "സദൃഷ്ടിക്ഷേപം" എന്ന മൂലത്തിന്നു് അതാണ് ശരിയായ തർജ്ജിമ എന്നു തോന്നുന്നു. ശകുന്തളയുടെ ശരീരസ്ഥിതിയറിവാൻ ആര്യഗൌതമി വരുന്നതായി സൂചിപ്പിച്ചുകൊണ്ടു് അണിയറയിൽനിന്നു പറയുന്ന വാക്യം "അല്ലയോ ചക്രവാകി, കൂട്ടുകാരനോടു വിടചോദിച്ചുകൊള്ളുക. രാത്രി സമീപിച്ചുകഴിഞ്ഞു" എന്നു വള്ളത്തോളും "ഇതാ ചക്രവാകപ്പിട ഇണയോടു യാത്രപറയുന്നു. രാത്രി എത്തിപ്പോയി" എന്നു ആറന്മുളം തർജ്ജിമചെയ്തിരിക്കുന്നു. വള്ളത്തോൾതർജ്ജിമ ചക്രവാകപ്പിടയെ സംബോധനചെയ്തു പറയുന്നവിധത്തിലാണ്. ആറന്മുള തർജ്ജിമ സംബോധനകൂടാതെ വസ്തുസ്ഥിതി പറക മാത്രമായിട്ടുമാണ്. "അപ്രസ്തുതപ്രശംസാരീതിയിൽ പറയുന്ന ഈ ഭാഗം ചക്രവാകപ്പിടയെ സംബോധനചെയ്തുംകൊണ്ടായാൽ അങ്ങനെ പക്ഷികളോടു സംസാരിക്കുന്നതു് അസാധാരണമാകയാൽ ഗൌതമിക്കു് ഇതെന്താണിവൾ പക്ഷിയോടു സംസാരിക്കുന്നതെന്നു സംശയിപ്പാനിടയാകും" എന്നിങ്ങനെ ടിപ്പണികാരൻ പറകയും ചെയ്യുന്നു. ഈ വാക്യം ശകുന്തളയ്ക്കു കേൾക്കത്തക്കവിധത്തിലല്ലാതെ ഗൌതമിക്കു് കേൾക്കത്തക്കവിധത്തിൽ പറയുന്നതല്ല. ഇനി ഗൌതമി കേട്ടുപോയെങ്കിൽത്തന്നെ ടിപ്പണകാരൻ ശങ്കിക്കുന്നതുപോലെ ഗൌതമി സംശയിക്കുമെന്നും തോന്നുന്നില്ല. ആശ്രമത്തിൽ പാർക്കുന്നവർ പക്ഷിമൃഗാദികളെ മാത്രമല്ല വൃക്ഷലതാദികളെക്കൂടിയും സഹോദരതുല്യമായികരുതി പെരുമാറുന്നവരാണല്ലോ. അപ്രസ്തുതപ്രശംസയ്ക്കു് ചക്രവാകപ്പിടയെ സംബോധനചെയ്തു പറഞ്ഞാലും വിരോധം വരാനുമില്ല. ചക്രവാകപ്പിടയെ സംബോധനചെയ്തു പറഞ്ഞാൽ ഗൌതമിക്കു ശങ്കതോന്നുമെന്നു സംശയിക്കുന്ന ടിപ്പണകാരൻതിരുമേനി ശകുന്തള ലതാവലയത്തിൽനിന്നു മറ്റുള്ളവരോടുകൂടി പോകുമ്പോൾ "സന്താപം മാററിയ ലതാഗൃഹമേ! ഇനിയും ഈ സുഖമനുഭവിക്കാനായി ഇപ്പോൾ യാത്രപറയുന്നു" എന്നു് പറയുന്നതു് ഗൌതമി കേൾക്കുകയില്ലെന്നായിരിക്കുമോ വിചാരിക്കുന്നതു്? അതു് കേട്ടാൽ ഗൌതമിക്കു് ഇതെന്താണിവൾ ലതാഗൃഹത്തോടു സംസാരിക്കുന്നതു് എന്നു് ശങ്കിപ്പാനിടയുണ്ടല്ലോ. "സന്താപം മാററിയ ലതാഗൃഹമേ! ഇനിയും ഈ സുഖമനുഭവിക്കാനായി ഇപ്പോൾ

യാത്രപറയുന്നു" എന്നു തർജ്ജിമചെയ്തു ആറവർ ചക്രവാകപ്പിടയെ സംബോധനചെയ്യാൻ മടിച്ചതു ഇതുകൊണ്ടായിരിക്കാൻ ഇടയില്ല. ടിപ്പണകാരനു് കവിഹൃദയം മനസ്സിലായിട്ടില്ലെന്നാണു വിചാരിക്കേണ്ടതു്.

ആറവരിന്റെ തർജ്ജിമയിൽ മേൽക്കാണിച്ച അസ്വാരസ്യങ്ങൾ ഉള്ളതുപോലെ വള്ളത്തോളിന്റെ തർജ്ജിമയിലും കുറെ അസ്വാരസ്യങ്ങൾ ഈ ഘട്ടത്തിൽ കാണുന്നുണ്ടു്. അവ മിക്കതും രചനാവൈകല്യം നിമിത്തം വന്നവയാണെന്നു മാത്രമേ ഒരു വ്യത്യാസമുള്ളു. "സുരയുവതിസംഭവം കില" എന്ന ശ്ലോകത്തിന്റെ തർജ്ജിമയിൽ "ഇവ നവമാലികാകുസുമം" എന്നതിനെ "പൈംപിച്ചകത്തുമലരെന്നപോലവെ" എന്നു വള്ളത്തോൾ വിവർത്തനംചെയ്തിരിക്കുന്നു. നവമാലികയെ പിച്ചകമാക്കിയതിരിക്കട്ടെ. 'നവമാലികാകുസുമ'ത്തെ 'പൈംപിച്ചകത്തുമലർ' എന്നു തർജ്ജിമ ചെയ്താൽ അതിന്നെന്തു ഭംഗിയാണുള്ളതു്? ഇതിലെ "പൈം", "ത്തു" എന്നിവ മൂലത്തിലില്ലാത്തവയാണു്. ശ്ലോകത്തിന്റെ ഭംഗി കൂട്ടുതലാകണമെന്നു വിചാരിച്ചായിരിക്കണം ഇവ രണ്ടും കൂട്ടിച്ചേർത്തിരിക്കുന്നതു്. പക്ഷെ പൈം, ത്തു എന്ന രണ്ടു കഞ്ചുകങ്ങളെക്കൊണ്ടു് അലങ്കരിക്കുവാൻ മാത്രം ആത്മശോഭയില്ലാത്തതാണു് പിച്ചകമലരെന്നു തോന്നുന്നില്ല. മഹാകവിക്കു് എത്രതന്നെ പ്രിയപ്പെട്ടവയാണെങ്കിലും പൈം, ത്തു എന്നിവയെ സ്ഥാനത്തും അസ്ഥാനത്തും കുത്തിച്ചെലുത്തുന്നതു കുറെ ബാലിശമാണെന്നാണു് തോന്നുന്നതു്. രാജാവിനെക്കൊണ്ടു വിദൂഷകനെ നീരക്കെ "താങ്കൾ" എന്നാണു് വള്ളത്തോൾ പറയിച്ചിരിക്കുന്നതു്. ബഹുമാനസൂചകമായ 'താങ്കൾ' എന്ന പ്രയോഗം വിദൂഷകനു കവി വിചാരിക്കുന്നേടത്തോളം പ്രിയമായിരിക്കുമോ എന്നു സംശയമാണു്. "യദ്യേവം പ്രത്യാദേശ ഇദാനീം രൂപവതീനാം" എന്ന വാക്യത്തെ "എന്നാലവൾ സുന്ദരിമാരെയൊക്കെ ആട്ടിപ്പായിച്ചു കളഞ്ഞുവല്ലോ" എന്നു തർജ്ജിമ ചെയ്തിരിക്കുന്നു. ഈച്ചകളെ ആട്ടിപ്പായിക്കുന്നതുപോലെ സുന്ദരിമാരേയും ആട്ടിപ്പായിക്കുവാൻ തുടങ്ങുന്നതു സൂക്ഷിച്ചിട്ടു വേണ്ടതാണു്. "അഭിമുഖേ മയി സംഹൃതമീക്ഷിതം" എന്ന ശ്ലോകത്തിന്റെ തർജ്ജിമയിൽ ഹസിതമെന്നതിന്നു് "കൂട്ടിടിനാൾ പുഞ്ചിരി" എന്നു പറഞ്ഞിരിക്കുന്നു. "പുഞ്ചിരികൂട്ടുന്ന"തു ശകുന്തളയെപ്പോലെ അപ്രഗത്ഭമാരായ കന്യകമാരുടെ സ്വഭാവമല്ല. തട്ടിപ്പു തികഞ്ഞ ഗണികമാർക്കേ അതു ചേരുകയുള്ളു. രണ്ടാമങ്കം കഴിഞ്ഞുള്ള വിഷ്കംഭത്തിൽ ദർഭപ്പുല്ലുമായി യജമാനശിഷ്യൻ പ്രവേശിക്കേണ്ട സ്ഥാനത്തു് "യജുശിഷ്യ"നെയാണു് മഹാകവി പ്രവേശിപ്പിച്ചിരിക്കുന്നതു്. "യജുശിഷ്യൻ: ഹോമം കഴിക്കു

ന്ന യജമാനനു പരികമ്മം ചെയ്യാൻ നില്ക്കുന്ന ശിഷ്യൻ" എന്നു കുട്ടികൃഷ്ണമാരാർ വ്യാഖ്യാനിക്കുകയും ചെയ്തിരിക്കുന്നു. യജ്വാവ് എന്നു വച്ചാൽ വിധിക്കു തക്കവണ്ണം യാഗം ചെയ്യുവനാണ്; യജമാനനല്ല. 'യജ്വാതുവിധിനേഷ്ടവാൻ' എന്നാണല്ലോ അമരവചനം. "മാരഗ്രീഷ്മങ്ങൾകൊണ്ടുള്ളെരിപൊരികളൊരേ രീതിയിൽത്തന്നെ". ഇതു കണ്ടാൽ മാരനെക്കൊണ്ടു 'എരി'യും ഗ്രീഷ്മത്തെക്കൊണ്ടു 'പൊരി'യും ഉണ്ടാകുമെന്നു വല്ലവരും ശങ്കിച്ചാൽ അതിൽ തെററില്ല. "എരിപൊരി" എന്നല്ലാതെ അതിൽ 'കൾ' ചേർത്തു പറയുന്നതു് എന്തിനാണെന്നു മനസ്സിലായില്ല. "എരിപൊരിയുളവാക്കിമന്മഥൻ താൻ" എന്ന ശ്ലോകത്തിൽ 'കൾ' കാണുന്നുമില്ല. "കുട്ടിപ്പായ് കവിളേററവും മുലകളിൽ തേഞ്ഞു കുടപ്പും". കുടപ്പും തേയുക എന്നു പറയുന്നതു സാധാരണ നടപ്പില്ലാത്ത ഒരു പ്രയോഗമാണ്. കുടപ്പമുള്ളതായ വസ്തുവാണെങ്കിൽ തേഞ്ഞു എന്നു പറയാം. "നോക്കാതിടാതിരിക്കാ കരളിലെയഴലിൻ ഹേതുവിത്തൈവധൂടി" ഇതിലെ "തൈവധൂടി"യെ കാണുമ്പോൾ എങ്ങനെ ചിരിക്കാതിരിക്കും?

"രാത്തോരം ഭുജലഗ്നവാൽമിഴിയിൽ നി-
ന്നൊച്ചും വ്യഥാതപ്തമാം
കണ്ണീരാലൊളികെട്ട കല്ലുകളൊടൊ-
ത്തിപ്പോന്നണികണ്ടു് കണം,
വിൽഞാൺപാടിലുരുമ്മിടാതിടയിട-
യ്ക്കുന്തുന്നു പോരുന്നത-
പ്പപ്പോൾ കൈക്കുഴയിങ്കൽനിന്നു തിരിയേ
കേററീടുവോനായി ഞാൻ!"

ഈ ശ്ലോകം വള്ളത്തോൾശാകുന്തളത്തിലെ രചനാവൈകല്യത്തിനു ഒരു തികഞ്ഞ ഉദാഹരണമാണ്. ഇത്രമാത്രം 'എക്കും പൊക്കു'മുള്ള ഒരു ശ്ലോകം ഭാഷാസാഹിത്യം മുഴുവൻ തിരഞ്ഞുനോക്കിയാലും കാണുമോ എന്നു സംശയമാണ്. 'കങ്കണം' 'ഊന്തുന്നു പോരുന്നതു്' എന്നതിന്നു് ഊരിയൂരിപ്പോരുന്നതു് എന്ന അത്ഥം സാധാരണന്മാക്കു തോന്നുന്നതല്ല. മൂന്നാം പാദത്തിന്റെ കുടവിൽ 'പോരുന്നതു്' എന്നു നിത്തി നാലാം പാദം 'പ്പപ്പോൾ' എന്നാരംഭിച്ചതു കണ്ടാൽ 'അപ്പപ്പോ, ഒരു കഷ്ടപ്പാടു്' എന്നേ പറവാൻ തോന്നുന്നുള്ളു. ഊരുക എന്നതിന്റെ പൂവ്വകാലക്രിയാരൂപം 'ഊരി' എന്നല്ലേ വേണ്ടതു്? ഊരി എന്നതു ശരിയാണെന്നു് "ഊരിപ്പോരും മൃണാളീവളയൊടു" എന്ന ശ്ലോകത്തിൽ മഹാകവിതന്നെ

സമ്മതിച്ചിരിക്കുന്നു. പ്രസ്തുത ശ്ലോകത്തിൽ കങ്കണം ഊരിയൂരിപ്പോരുകയാണെന്നു നിസ്സംശയമാണു്. "സന്ധിക്കും ഞാൻ തഴമ്പിൽത്തടവത്തു കുറവായ്ത്തീൎന്നുമിങ്ങൂരിയൂരിബ്ബന്ധസ്ഥാനം വിട്ടും പൊൻവള" എന്നു് ആററൂരിന്റെ തൎജ്ജിമയിൽ കാണുന്നതുമുണ്ടു്. 'ഊരുക'യ്ക്കു് 'ഊൎന്നു'എന്നു രൂപം വരുന്നതു് ഊഴയുക എന്നൎത്ഥമാകുമ്പോഴല്ലേ ഉള്ളൂ എന്നും സംശയിക്കുന്നു. "കൈക്കുഴയിങ്കൽനിന്നു തിരിയേ കേററിട്ടുപോന്നായി ഞാൻ" ഇത്ര വളരെ കഷ്ടപ്പെട്ടു ശാകുന്തളം തൎജ്ജിമ "ചെയ്തിട്ടുപോന്നായതു്" എന്തിനുവേണ്ടിയാണെന്നു മഹാകവിയോടു ബഹുമാനപൂൎവ്വം ചോദിക്കേണ്ടിയിരിക്കുന്നു. യതിഭംഗത്തിന്റെ കാൎയ്യം അത്ര കണക്കാക്കുവാനില്ലെങ്കിലും "ശങ്കിപ്പൂ നിയവഗണനമേ—താളിൽനിന്നിങ്ങധീരെ" എന്നു മുതലായ പ്രയോഗങ്ങൾ അരോചകം ജനിപ്പിക്കുന്നവയാണെന്നു പറയാതെ കഴികയില്ല.

ഇനി ഈ രണ്ടു ശാകുന്തളങ്ങളിൽനിന്നും പ്രതിമുഖസന്ധിയിലുള്ള ചില പ്രധാന ശ്ലോകങ്ങൾ ഉദ്ധരിച്ചു കാണിക്കാം:—

പുഷ്പം ഘ്രാണിച്ചിടാത്തുള്ളതു തളിർനഖരം
    തട്ടിടാത്തുള്ളതുദ്യ-
ദ്രത്നം മെയ്യിൽദ്ധരിക്കാത്തതു പുതിയൊരു തേൻ
    സ്വാദുനോക്കാത്തതേവം
സൽപുണ്യത്തിൻഫലം കേളവികലമിവതാൻ
    തന്വിതൻ ശുദ്ധരൂപം
ഭോക്താവായേവനെച്ചേൎത്തിടുമിന്നിവിധിയെ-
    ന്നിങ്ങറിഞ്ഞീല ഞാനോ.

(ആററൂർ)

മുകൎന്നിട്ടില്ലാപ്പൂ,വധൃതമൊരുരത്നം, പുതിയതാം
നുകൎന്നിട്ടില്ലാത്തേ,നനഖപരിലൂനം കിസലയം
അഖണ്ഡം പുണ്യത്തിൻഫല,മനഘമാരൂപ;—മറിവീ-
ലെവന്നാമോ കല്പിച്ചരുൾകനുഭവിപ്പാനിതു വിധി!

(വള്ളത്തോൾ)

ഇതിൽ ശകുന്തളാരൂപത്തെ പുഷ്പം, തളിർ, രത്നം, തേൻ, പുണ്യഫലം എന്നിവയായി രൂപണംചെയ്തിരിക്കുന്നു. അവയ്ക്കോരോന്നിനും വിശേഷണങ്ങളുമുണ്ടു്. ആററൂരിന്റെ ശ്ലോകത്തിൽ വിശേഷണവിശേഷ്യങ്ങളുടെ പൌൎവ്വാപൎയ്യം തെററിയിരിക്കുന്നതിനാൽ അൎത്ഥ

ബോധത്തിനു കുറച്ചു ക്ലേശമുണ്ട്. ആ ക്ലേശം സഹിക്കാമെങ്കിൽക്കൂടി ഉദ്ദിഷ്ടമല്ലാത്ത അൎത്ഥത്തിന്റെ പ്രതീതി വരുന്നതു ദുസ്സഹമാണ്. പുഷ്പം ഘ്രാണിച്ചിട്ടാതുള്ളതു = പൂ മണത്തിട്ടില്ലാത്തതു്, രത്നം മെയ്യിൽ ധരിക്കാത്തതു് = ദേഹത്തിൽ രത്നം ധരിച്ചിട്ടില്ലാത്തതു് എന്നു തുടങ്ങിയുള്ള അൎത്ഥപ്രതീതി ഇവിടെ ദുഷ്പരിഹരമാകുന്നു. അങ്ങിനെ വരുമ്പോൾ ശകുന്തളയുടെ രൂപം പുഷ്പത്തിന്റെ മണമറിയാത്തതും രത്നത്തിന്റെ ഭംഗിയേൽക്കാത്തതും മററുമാണെന്നു വരും. ഘ്രാണിക്കാത്ത പുഷ്പം, നഖം തട്ടാത്ത തളിർ ഇത്യാദിയായ വിവക്ഷിതാൎത്ഥം തോന്നുവാൻ ഇവിടെ വളരെ പ്രയാസമുണ്ട്. പൂൎവ്വാൎദ്ധത്തിന്റെ ഒടുവിലുള്ള 'ഏവം' അവിടെ അനാവശ്യമായിരിക്കുന്നു. സൽപുണ്യത്തിൻഫലം, അവികലം ഇവയുടെ നടുവിൽ ഒരു 'കേൾ' ചേൎത്തതു പ്രാചീനചമ്പൂപ്രബന്ധങ്ങളിലെ രീതിയനുസരിച്ചായിരിക്കാം. പക്ഷെ പ്രകൃതത്തിൽ തീരെ അനാവശ്യമായ ഈ 'കേൾ' കണ്ടാൽ ശകുന്തളയുടെ രൂപവൎണ്ണന കേട്ടു രസിച്ച് ഉറങ്ങുവാൻ തുടങ്ങിയ വിദൂഷകനെ രാജാവു വിളിച്ചുണൎത്തുകയാണോ എന്ന് അല്പജ്ഞന്മാർ സംശയിച്ചേക്കാം. 'പുണ്യത്തിൻഫലം' എന്നിടത്തെ പുണ്യശബ്ദത്തിനു മൂലത്തിലുള്ള ബഹുത്വം പോയതു സാരമായ ഒരു ന്യൂനതയാണ്. അനവധി പുണ്യങ്ങളുടെ ഏകീഭൂതമായ ഫലമായി ശകുന്തളാരൂപത്തെ രൂപണംചെയ്യുന്നതിന്നാണ് ഔചിത്യമധികം. വള്ളത്തോൾ പരിഭാഷയിൽ "കിസലയമലൂനം കരരുഹൈഃ" എന്ന രണ്ടാമത്തെ രൂപകത്തിന്റെ സ്ഥാനം മാറിയതും പുണ്യശബ്ദത്തിന്റെ ബഹുത്വം ചോൎന്നുപോയതും വലിയ ന്യൂനതകൾ തന്നെയാണ്. വേറെ പറയത്തക്ക വൈകല്യമൊന്നും അതിൽ കാണുന്നില്ല.

ശകുന്തള തന്റെ മനോഭാവത്തെ ചേഷ്ടകളെക്കൊണ്ടു സ്പഷ്ടമാക്കിയതായി രാജാവു പറയുന്നു:

ചിക്കെന്നു ദൎഭമുനയേററിതു കാലിലെന്നായ്
മുഗ്ദ്ധാംഗി നിന്നു ചില ചോടുനടന്നകാണ്ഡെ
വക്ത്രം തിരിച്ചു തരുശാഖകളിൽത്തടഞ്ഞു
നിൽക്കാത്ത വല്ക്കവുമഹോ വിടുവിച്ചു മന്ദം.

(ആററൂർ)

കാന്താംഗി നാലടി നടന്നഥ നിന്നുകൊണ്ടാൾ
കാലിൽത്തറഞ്ഞിതു കുശാങ്കുരമെന്നൊകാണ്ഡേ;

ചീരത്തെ — വൃക്ഷവിടപത്തിലുടക്കിയില്ലെ-
ന്നാലും — വിടുത്തുവതിന്നായ് മുഖവും തിരിച്ചാൾ.

(വള്ളത്തോൾ)

ഇതിൽ കാളിദാസരുടെ 'തന്വി' ആററൂരിന്നു "മുഗ്ദ്ധാംഗി"യും വള്ളത്തോളിന്നു "കാന്താംഗി"യുമായി. തന്വി=കൃശാംഗി, മുഗ്ദ്ധാംഗി=മോഹനങ്ങളായ അംഗങ്ങളുള്ളവൾ; കാന്താംഗി=ശോഭനങ്ങളായ അംഗങ്ങളുള്ളവൾ. പ്രകൃതത്തിൽ കൃശാംഗിയാകുന്നതാണ് അധികം യുക്തം. "ദർഭാങ്കുര"ത്തിനു ദർഭാഗ്രമെന്നാണു മൂലകവിയുടെ വിവക്ഷയെന്നു തോന്നുന്നു. ആററൂർ 'അങ്കുര'ത്തെ മുനയാക്കിയതു കാലു മുറിയാൻ തക്ക മൂർച്ചവരുത്തുവാനായിരിക്കാം. പക്ഷെ കാലു മുറിഞ്ഞതായി നടിക്കുന്നതല്ലാതെ വാസ്തവത്തിൽ മുറിയുന്നില്ല. നാലാമങ്കത്തിൽ ശകുന്തളയുടെ വളർത്തുമകനായ മാനിന്റെ മുഖത്തു മുറിവുണ്ടാക്കിയ "കുശസൂചിയെ" ആററൂർ ദർഭാഗ്രമെന്നേ പറയുന്നുള്ളു. അഗ്രത്തെ ഇങ്ങോട്ടും മുനയെ അങ്ങോട്ടും മാററിയാൽ അധികം നന്നാകും. വള്ളത്തോൾ ഇവിടെ കുശാങ്കുരവും നാലാമങ്കത്തിൽ ദർഭമുനയുമാണു സ്വീകരിച്ചിരിക്കുന്നതും. 'കതിചിദേവപദാനിഗത്വാ' എന്നതിന്നു 'ചില ചോടു നടന്നു' എന്നാണല്ലോ ആററൂരിന്റെ പ്രയോഗം. ചോടും അടിയും സമാനാർത്ഥകങ്ങളാണെങ്കിലും 'ചോട്' അധികവും കളരിപ്പയററിലാണു പ്രയോഗിച്ചു കണ്ടിട്ടുള്ളതു്. വള്ളത്തോൾതർജ്ജിമയിലെ നാലടിക്കു ചിലയടി എന്നു് അർത്ഥം കിട്ടുകയില്ലെന്നു ചിലർ വിചാരിക്കുന്നു. പക്ഷെ 'നാലടി നടന്നു' എന്നതിലേ നാലു സംഖ്യാവാചകമാണെന്നു ഗ്രഹിക്കുവാൻ തക്ക ബാലിശത്വം സാധാരണക്കാർക്കും ഉണ്ടാകുമെന്നു തോന്നുന്നില്ല. ഏതായാലും ഏതാനും അടി നടന്നപ്പോൾ ശകുന്തള നിന്നു. പിന്നെ എന്തു ചെയ്തു? വൃക്ഷശാഖകളിൽ തടഞ്ഞ വല്ക്കലത്തെ വിടുവിക്കുകയാണെന്നു നടിച്ചു മുഖം തിരിച്ചുവെന്നാണു മൂലത്തിൽ കാണുന്നതു്. ആററൂർ പറയുന്നു, മുഖം തിരിച്ചു വൃക്ഷശാഖകളിൽ തടഞ്ഞുനിൽക്കാത്ത വല്ക്കലം വിടുവിച്ചു എന്നു്. ഇതിൽ 'തിരിച്ചു' പൂർവ്വകാലക്രിയയും 'വിടുവിച്ചു' പൂർണ്ണക്രിയയുമായിരിക്കുമല്ലോ. അങ്ങനെയാണെങ്കിൽ മുഖം തിരിച്ചതിന്നല്ല വിടുവിച്ചതിന്നാണു പ്രാധാന്യം കിട്ടുന്നതു്. മുഖം തിരിക്കുക മാത്രമേ വാസ്തവത്തിൽ ഇവിടെയുള്ളു; വല്ക്കലം വിടുവിക്കുന്നതു വ്യാജമാണു്. അതു വ്യാജമാണെന്നു് ആററൂരിന്റെ ശ്ലോകം വായിക്കുമ്പോൾ മനസ്സിലാകുന്നില്ല. അഥവാ

'തരുശാഖകളിൽ തടഞ്ഞുനിൽക്കാത്ത വല്ക്കം' എന്നതിൽ മൂലത്തിലുള്ള 'അപി' (എങ്കിലും) ശബ്ദം കളഞ്ഞതുകൊണ്ടു് ഇതു വ്യാജമാണെന്നറിയണമെന്നായിരിക്കാം ഉദ്ദേശം. തടഞ്ഞുനിൽക്കാത്തതിനെ വിട്ടുപിരിക്കുന്നതു് അസംഭവമാണല്ലോ. അങ്ങനെയാണെങ്കിൽ 'അഹോ' എന്നു് അധികപ്പടി ചേർത്തും ശരിയാകും. സംഭവിപ്പാൻ വയ്യാത്ത ഒരു കാര്യം സംഭവിക്കുന്നതു് ആശ്ചര്യമാണല്ലോ. വള്ളത്തോൾ 'ചീരത്തെ' എന്നു പ്രതിഗ്രാഹികാപ്രത്യയവുംവച്ചു വിട്ടുത്തുവതിനായ് എന്ന ക്രിയയോടു ചേർക്കുവാൻ തെയ്യാറാക്കിയ കർമ്മപദത്തിന്നു് ആ ക്രിയയുടെ അടുത്തെത്തിച്ചേരുന്നതിനു മുമ്പു വലിയൊരു കുന്നു കയറി മറിയേണ്ടതുണ്ടു്. "വൃക്ഷവിടപത്തിലുടക്കിയില്ലെന്നാലും" എന്ന ആ കുന്നു കയറുമ്പോൾ 'ഉടക്കിയില്ല' എന്ന ക്രിയയിൽ ആ കർമ്മപദം തങ്ങിപ്പോയെങ്കിലോ എന്നു ശങ്കിച്ചിട്ടായിരിക്കാം ആ കുന്നിനെ മുമ്പും പിമ്പും വരഞ്ഞു നിറുത്തിയിരിക്കുന്നതു്. വാസ്തവത്തിൽ ചീരം ഉടക്കുക, വിടുത്തുക എന്ന രണ്ടു ക്രിയയുടേയും കർമ്മമായിട്ടന്വയിക്കാവുന്നതാണു്. പക്ഷെ ചീരം തനിയെ ഉടക്കുകയല്ല ശകുന്തള അതിനെ ഉടക്കുകയാണു ചെയ്യുന്നതെന്നു വരും. "ചീരം മരങ്ങളുടെ കൊമ്പിലുടക്കിയില്ലെന്നാലും വിടുത്തുവതിനായ്" എന്നോ മറ്റോ ആക്കിയാൽ ഈ വൈഷമ്യമില്ല. എന്നാൽ പിന്നെ 'ശാഖാസു' എന്നതിലെ ബഹുവചനം പോയ ദോഷമേ ഉള്ളൂ. വൃക്ഷവിടപത്തിൽ എന്നു പ്രയോഗിച്ച കവിക്കു് ആ ബഹുവചനം കൂടിയേ കഴിയൂ എന്നു നിർബ്ബന്ധവുമില്ലല്ലോ.

സ്മരനെത്തിരിയാതെ മാൻകിടാവൊ-
ത്തിഹ വർദ്ധിച്ചവളെങ്ങു നമ്മളെങ്ങോ
വെറുതേ വെടിചൊന്നതാണിതെല്ലാം
ശരിയാണെന്നു നിനച്ചിടായ്കെടോ താൻ.

(ആറന്മുള)

നാമെങ്ങു? കൊച്ചുഹരിണങ്ങളുമായ് വളൎന്ന
കാമന്റെ പേരുമറിയാത്ത ജനങ്ങളെങ്ങോ?
ഇൗമട്ടു, തോഴ കളിയായ് ചിലതോതിനേൻ ഞാൻ;
വ്യാമോഹിയായ്ക പരമാൎത്ഥമിതെന്നു താങ്കൾ.

(വള്ളത്തോൾ)

താപസകന്യകയായ ശകുന്തളയെക്കുറിച്ചു തനിക്കുള്ള അഭിലാഷത്തെ മറച്ചുവച്ചുകൊണ്ടു രാജാവു വിദൂഷകനോടു പറയുന്ന

ഈ ശ്ലോകത്തിന്റെ തർജ്ജിമയിൽ ചില അംശങ്ങളിൽ ആറ്റൂരും ചില അംശങ്ങളിൽ വള്ളത്തോളും തീർച്ചയായും അഭിനന്ദനമർഹിക്കുന്നുണ്ടു്. ആറ്റൂർശ്ലോകത്തിന്റെ ഉത്തരാർദ്ധം വിശേഷിച്ചും നന്നായിട്ടുണ്ടു്. "പരിഹാസവിജല്പിതമായ വചസ്സിനെ" 'വെറുതേ വെടി ചൊന്നതു്' എന്നതിനേക്കാൾ ഭംഗിയായി തർജ്ജിമചെയ്യുവാൻ പ്രയാസമുണ്ടു്. 'വെടി' പറയുക തമ്പുരാക്കന്മാരുടേയും നമ്പൂരിമാരുടേയും ഇടയിൽ വളരെ പ്രചാരമുള്ളതാണു്. ദുഷ്യന്തനെ ഒരു തമ്പുരാനും മാഢവ്യനെ ഒരു [illegible]വൻനമ്പൂരിയുമായി സങ്കല്പിക്കാമെങ്കിൽ "വെറുതേ വെടി ചൊന്നതാണിതെല്ലാം" എന്ന പ്രയോഗത്തിന്റെ തന്മയത്വം തെളിഞ്ഞുകാണാവുന്നതാണു്. എന്നാൽ പ്രസ്തുത ശ്ലോകത്തിലെ വാക്യയോജനാക്രമത്തെ അഭിനന്ദിക്കുവാൻ വഴി കാണുന്നില്ല. രണ്ടു പദങ്ങളിൽ 'എങ്ങു്' എന്നു ചേർത്തു പ്രയോഗിക്കുമ്പോൾ അവ രണ്ടിനും തമ്മിൽ വലിയ അന്തരമുണ്ടെന്നാണല്ലോ അർത്ഥം വരുന്നതു്. ഇങ്ങനെ 'എങ്ങു്' ചേർക്കുന്ന പദങ്ങളിൽ ഒന്നു് അർത്ഥാന്തരസംക്രമിതമായും മറ്റേതു് അങ്ങിനെയല്ലാതേയും, രണ്ടും അർത്ഥാന്തരസംക്രമിതങ്ങളായും, രണ്ടും അർത്ഥാന്തരസംക്രമിതങ്ങളല്ലാതേയും വരാവുന്നതാണു്. പ്രകൃതത്തിലെ 'നമ്മൾ' (മൂലത്തിൽ വയം) അർത്ഥാന്തരസംക്രമിതമാകുന്നു. കാമകലാവിദഗ്ദ്ധനും നാഗരികാംശനാരസികനുമായ ഞാൻ എന്നാണു് അതിനു് അർത്ഥം. ആകയാൽ പ്രകൃതത്തിൽ 'നമ്മൾക്കു്' അധികത്വവും 'മാൻകിടാവൊത്തിഹ വളർന്നവൾ'ക്കു ന്യൂനത്വവും സിദ്ധമാകുന്നു. അന്തരം തോന്നിക്കേണ്ടുന്ന രണ്ടു വസ്തുക്കളിൽ അർത്ഥാന്തരസംക്രമിതമായ അധികത്തെ മുൻപും അങ്ങനെയല്ലാതുള്ള ന്യൂനത്തെ പിമ്പുമാണു് മൂലകവി വിന്യസിച്ചിരിക്കുന്നതു്. ആ ക്രമം തർജ്ജിമയിൽ വരാതിരുന്നതു് വലിയൊരു ന്യൂനതതന്നെയാണു്. മൃഗശാബങ്ങളുടെ ബഹുത്വം കളഞ്ഞു് മാൻകിടാവെന്നാക്കിയതും ശരിയായില്ല. വള്ളത്തോളാകട്ടെ മൃഗശാബങ്ങളുടെ ബഹുത്വം സംരക്ഷിക്കുകയും വാക്യയോജനാക്രമത്തെ വികൃതമാക്കാതിരിക്കുകയും ചെയ്തിട്ടുണ്ടു്. കൊച്ചുഹരിണങ്ങൾക്കു് മൃഗശാബങ്ങളെന്നു് അർത്ഥം വരികയില്ലെന്നു് ചിലർ പറയുന്നുണ്ടു്. പക്ഷേ കൊച്ചുഹരിണങ്ങളുമായ് വളൎന്നു എന്നതിൽ വളൎന്നു എന്ന ക്രിയയുടെ സാഹചര്യത്താൽ കൊച്ചുഹരിണങ്ങൾക്കു് ഹരിണശാബങ്ങളെന്നു് അർത്ഥം ധരിക്കുവാൻ ആർക്കും പ്രയാസമുണ്ടാകയില്ല. വളൎന്ന (ഏധിതഃ) എന്ന വിശേഷണത്തിന്നു് അങ്ങനെയായാലാണല്ലോ ഔചിത്യം. ശാബ

ശബ്ദോപാദാനം പരോക്ഷമന്മഥതാപ്രാപ്തി ഹേതുവാണെന്നും മൃഗങ്ങളോടുകൂടി വളൎന്നാൽ മന്മഥകഥാജ്ഞാനം ഭവിക്കുന്നതാണെന്നും വിദ്വാൻ സി. എസ്സ്. നായർ പറഞ്ഞിട്ടുള്ളതു് വലിയ കാൎയ്യമായി കണക്കാക്കുവാൻ വയ്യ. "മാന്മങ്കമാരൊടൊരുമിച്ചുമന്ന" ശകുന്തള "കൊച്ചു ഹരിണങ്ങളുമായ് വളൎന്ന"തുകൊണ്ടു് പരോക്ഷമന്മഥയാകുമെന്നു വള്ളത്തോളിന്റെ ദുഷ്യന്തനു് അഭിപ്രായമുണ്ടാകുമെന്നും തോന്നുന്നില്ല. 'സമമേധിതഃ' എന്നതിലെ സമത്തിനുള്ള സഹാൎത്ഥം ഔപമ്യപൎയ്യവസായിയാണെന്നു് വള്ളത്തോൾ ധരിക്കാത്തതുപോലെ തോന്നുന്നു. ആററവരാകട്ടെ മാൻകിടാവൊത്തു് എന്നിങ്ങനെ ഔപമ്യത്തെ കാണിച്ചിട്ടുണ്ടു്. പരോക്ഷമന്മഥശബ്ദത്തിനു 'കാമന്റെ പേരുമറിയാത്ത' എന്നു് അൎത്ഥമായതെങ്ങനെയെന്നും മനസ്സിലായില്ല. ഒരു സ്ത്രീ കാമന്റെ പേരറിയുന്നവളായതുകൊണ്ടു മാത്രം അവളിൽ ഒരുവനു് അനുരാഗം ജനിക്കുമെന്നു് വിചാരിക്കുന്നുണ്ടെങ്കിൽ അതിനെക്കുറിച്ചാണു് "വ്യാമോഹിയാൎക്കു പരമാൎത്ഥമിതെന്നു താങ്കൾ" എന്നു പറയേണ്ടതു്.

(തുടരും)